കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

## കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

# 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി 11-2431/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തീയതി: -15.12.2018.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:1) ഡയറക്ടർകേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി11-2431/2018 തിയ്യതി: 15.12.2018.

## പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-7-2017 മുതൽ തിയതി 11-11-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണ ത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12-11-2018 മുതൽ 21-11-2018 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഐ.സുലൈമാൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.എ.നസീറാബാനു | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ആർ.രഞ്ജിത്ത് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എ.കെ.ബബിത | 1-4-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീമതി.അമിത.സി.ഒ | 1-4-2017 മുതൽ 21-7-2017വരെ,<br>30-7-2017 മുതൽ 2-9-2017 വരെ |
| | ശ്രീ.സുരേഷ്.എം, അസി.സെക്രട്ടറി(സെക്രട്ടറി-ഇൻ-ചാർജ്ജ്) | 22-7-2017 മുതൽ 29-7-2017 വരെ |
| | ശ്രീ.ഇ.ഷാജഹാൻ | 3-9-2017 മുതൽ 27-9-2017 വരെ |
| | ശ്രീ.പ്രദീപ്.പാസ്കൽ.സി | 28-9-2017 മുതൽ 31-3-2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.എൻ.ജി.വ്യാസ് | 1-4-2017 മുതൽ 31-3-2018 വരെ |
| വി.ഇ.ഒ | ശ്രീമതി.ശാന്തി.എം | 1-4-2017 മുതൽ 14-11-2017 വരെ |
| വി.ഇ.ഒ | ശ്രീ.നിജാമുദീൻ.എ | 15-11-2017 മുതൽ 31-3-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.പ്രമീള.ടി.കെ | 1-4-2017 മുതൽ 30-6-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.വസന്തകുമാരി | 1-7-2017 മുതൽ 31-3-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.സേതു.എസ് | 1-4-2017 മുതൽ 23-10-2017 വരെ |
| | ശ്രീമതി.ദീപ.കെ | 24-10-2017 മുതൽ 13-02-2018 വരെ |
| | ശ്രീ.സൈനുലാബ്ദീൻ.എ | 14-02-2018 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.ദീന ഡേവിസ് | 1-4-2017 മുതൽ 27-12-2017 വരെ |
| | ഡോ.ആതിര.പി | 28-12-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ-CHC | ഡോ.രാധാകൃഷ്ണൻ.എസ് | 1-4-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.സീമ | 1-4-2017 മുതൽ 13-8-2017 വരെ |
| | ഡോ.ശ്രീജൻ | 14-8-2017 മുതൽ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | ഡോ.ഷീജ.എസ് | 1-4-2017 മുതൽ 31-3-2018 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജ്ജൻ | ഡോ.നാരായണൻ.വി | 1-4-2017 മുതൽ 1-8-2017 വരെ |
| | ഡോ.കെ.ടി.രജിമോൻ | 2-8-2017 മുതൽ 31-3-2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.രാധിക.സി | 1-4-2017 മുതൽ 31-3-2018 വരെ |
| പ്രധാനാദ്ധ്യാപകൻ | ശ്രീ.അബ്ദുൾ കലീലുൾ റഹ്മാൻ | 1-4-2017 മുതൽ 31-3-2018 വരെ |
| അസി.സെക്രട്ടറി | ശ്രീ.സുരേഷ്.എം | 1-4-2017 മുതൽ 31-3-2018 വരെ |

## ഉള്ളടക്കം

## ഭാഗം 1

## ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം-റസീപ്റ്റ് ആന്റ് പേയ്മെന്റ് പ്രകാരം | 1-4 |
| 5 | ഫണ്ട് വിനിയോഗം-എ.സി.ആർ പ്രകാരം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളുടെ മറ്റ് അപാകതകൾ | 1-12 |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങൾ | |
| 1 | ബഡ്ജറ്റ് തയ്യാറാക്കൽ -നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 2-1 |
| 2 | ക്യാൻസൽ ചെയ്ത സാംഖ്യ രശീതികൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല | 2-2 |
| 3 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 2-3 |
| 4 | ഡി & ഒ ലൈസൻസ് അനുവദിക്കുമ്പോൾ ചട്ടങ്ങൾ പാലിക്കേണ്ടതാണ് | 2-4 |
| 5 | അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവർ ഉടമകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കേണ്ടതാണ് | 2-5 |
| 6 | അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിലുള്ള ടെണ്ടർ ഫോറങ്ങളുടെ വില പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റേണ്ടതാണ് | 2-6 |
| 7 | ഉഴവർ ചന്തയിൽ നിന്നുള്ള വരുമാനം ഉറപ്പാക്കേണ്ടതാണ് | 2-7 |
| | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങൾ | |
| 8 | കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി പെർമിറ്റ് അനുവദിക്കേണ്ടതാണ് | 2-8 |
| 9 | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടം ക്രമവൽകരിച്ച് നൽകിയത് അന്വേഷണ വിധേയമാക്കേണ്ടതാണ് | 2-9 |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങൾ | |
| 1 | പൊതുമരാമത്ത് പ്രവൃത്തികളുടെ ആസൂത്രണവും നിർവ്വഹണവും കാര്യക്ഷമമാക്കേണ്ടതാണ് | 3-1 |
| 2 | മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പിൽ കാര്യക്ഷമമാക്കേണ്ടതാണ് | 3-2 |
| 3 | ആസ്തി സംരക്ഷണ പദ്ധതി നടപ്പാക്കാതെ ആസ്തി സംരക്ഷണ പദ്ധതികൾ ആവിഷ്കരിച്ചു | 3-3 |
| 4 | പഞ്ചായത്ത് ഓഫീസ് കെട്ടിടം രണ്ടാം നില പൂർത്തീകരണം - ടെണ്ടർ തുകയിൽ പരിമിതപ്പെടുത്താതെ തുക അനുവദിച്ചു | 3-4 |
| 5 | ടെണ്ടർ വ്യതിയാനം കുറവു ചെയ്യാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചു | 3-5 |
| 6 | കരാറുകാരുടെ ആവശ്യാനുസരണം പഞ്ചായത്ത് ടാർ വാങ്ങി യെങ്കിലും ഗ്രാമപഞ്ചായത്തിൽ നിന്നും ടാർ ഏറ്റെടുക്കുന്നതിൽ കാലതാമസം | 3-6 |
| 7 | പെരുമ്പാറചള്ള അങ്കണവാടി കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാക്കിയപ്പോൾ ആവശ്യമായ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തിയില്ല | 3-7 |
| 8 | വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള സർവ്വീസ് ടാക്സ് കേന്ദ്ര സർക്കാരിലേക്ക് ഒടുക്കിയില്ല | 3-8 |
| 9 | ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ് | 3-9 |
| 10 | കെ.എസ്.ഇ.ബി ക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യ പത്രവും ലഭ്യമാക്കിയില്ല | 3-10 |
| 11 | തെരുവ് വിളക്ക് LED ലൈറ്റ് സ്ഥാപിക്കൽ - വാങ്ങൽ നടപടി കളിൽ അപാകതകൾ | 3-11 |
| | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങൾ | |
| 12 | അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ് | 3-12 |
| 13 | ODF- പ്രൊജക്റ്റ് ആവിഷ്കരിക്കാതെ തുക അനുവദിക്കുന്നതിനാൽ ചെലവ് അക്കൗണ്ട് ചെയ്യപ്പെടുന്നില്ല | 3-13 |
| 14 | ആശ്രയ പദ്ധതി ഗുണഭോക്താക്കൾക്കായി നൽകിയ വികസന ഫണ്ടിൽ ചെലവഴിച്ചിട്ടില്ലാത്ത തുക തിരിച്ചടയ്ക്കേണ്ടതാണ് | 3-14 |
| 15 | പിന്നോക്ക വിഭാഗ കോളേജ് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ-വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല | 3-15 |
| | ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയങ്ങൾ | |

| | | |
|---|---|---|
| 16 | കുടിവെള്ള പദ്ധതികളുടെ പരിപാലനം കാര്യക്ഷമമാക്കി ഗ്രാമപഞ്ചായത്തിന്റെ ബാധ്യത ലഘൂകരിക്കേണ്ടതാണ് | 3-16 |
| 17 | ഗ്രാമപഞ്ചായത്തിൽ ഫലപ്രദമായ ഖരമാലിന്യ സംസ്കരണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ് | 3-17 |
| 18 | ശാരീരിക മനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നല്കിയില്ല | 3-18 |
| 19 | എസ്.സി/എസ്.റ്റി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം-വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല | 3-19 |
| 20 | പാലിയേറ്റീവ് കെയർ പദ്ധതിക്കാവശ്യമായ മുഴുവൻ തുകയും മരുന്നുകൾ ലഭ്യമായില്ല-നടപടികൾ ആവശ്യപ്പെടുന്നു | 3-20 |
| | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിലുള്ള വിഷയം | |
| 21 | ഡാറ്റാ എൻട്രി ഓപ്പറേറ്റർക്ക് തുടർച്ചയായി വേതനം നൽകുന്നതിന് അംഗീകാരം ലഭ്യമാക്കിയില്ല | 3-21 |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരം | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്-സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |

# ഭാഗം 1

## പൊതു അവലോകനം

# 1-1 ബജറ്റ്

29-3-2017 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 7-3-2018 ന് പാസാക്കിയിട്ടുണ്ട്.

# 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2017-18 | 31-7-2018 | 22-05-2018 | - | - |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 29.06.18 - 30.06.18 | നം.കെ.എസ്.എ-പികെഡി.21 /1904(16) തിയതി:29-8-2018 |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 21985752 |
| വരവ് | 75245131 |
| ആകെ | 97230883 |
| ചെലവ് | 86960658 |
| നീക്കിയിരിപ്പ് | 10270225 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 21244000 | 21244000 | 14812292 | 6431708 |

| | | | | | |
|---|---|---|---|---|---|
| (എ.സി.ആർ പ്രകാരം) | | | | | |
| വികസനഫണ്ട് എസ്.സി.പി<br>(എ.സി.ആർ പ്രകാരം) | 0 | 4586198 | 4586198 | 2087553 | 2498645 |
| വികസനഫണ്ട് ടി.എസ്.പി<br>(എ.സി.ആർ പ്രകാരം) | 0 | 1870240 | 1870240 | 1621185 | 249055 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ്<br>(എ.സി.ആർ പ്രകാരം) | 0 | 14640000 | 14640000 | 7717071 | 6922929 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ്<br>(എ.സി.ആർ പ്രകാരം) | 0 | 4613000 | 4613000 | 2485298 | 2127702 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 9977876 | 9977876 | 5912394 | 4065482 |
| കെ.എൽ.ജി.എസ്.ഡി.പി (എ.സി.ആർ പ്രകാരം) | 0 | 3729206 | 3729206 | 3714123 | 15083 |
| എസ്.ബി.ടി സീറോ ബാലൻസ് | | | | | |
| ദുരിതാശ്വാസ നിധി | | | | | |

| | | | | | |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 9061 | 1124541 | 1133602 | 1131321 | 2281 |
| എം.എൻ.ആർ. ഇ.ജി. എസ്-തൊഴിലാളി കളുടെ വേതനം | 0 | 25868000 | 25868000 | 25868000 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (തനത് ഫണ്ടിൽ) | 2165177 | 988670 | 3153847 | 395752 | 2758095 |
| സംസ്ഥാനാ വിഷ്കൃത ഫണ്ടുകൾ | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്-ബ്ലോക്ക് പഞ്ചായത്ത് | 200000 | 2767630 | 2967630 | 1208190 | 1759440 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട്- ജില്ലാ പഞ്ചായത്ത് | 0 | 1316000 | 1316000 | 1316000 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 10903287 | 10436000 | 21339287 | 21680637 | -341350 (*) |
| തനത് ഫണ്ട്-ബാങ്ക് | 3081880 | 17524790 | 20606670 | 14315817 | 6290853 |
| തനത് ഫണ്ട്-ട്രഷറി | 0 | 0 | 0 | 0 | 0 |
| ബി ഫണ്ട് | 0 | 53113760 | 53113760 | 53113760 | 0 |
| ബാങ്ക്-മറ്റുള്ളവ | 1370545 | 38809 | 1409354 | 0 | 1409354 |

(*) 17848598 രൂപ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും സർക്കാർ തിരിച്ചെടുക്കുകയും പിന്നീട് 2018-19 ഏപ്രിലിൽ തിരികെ നൽകുകയും ചെയ്തിട്ടുണ്ട്.

# 1-6 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 173 | 100012391 | 117 | 42544805 | | 56 | 68 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 68% എണ്ണം തൻവർഷം മാത്രമാണ് നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 43% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 3 | 12146045 | 2783273 | 23 |
| വി.ഇ.ഒ | 10 | 7 | 4779100 | 2555000 | 53 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3 | 2 | 5026400 | 4349528 | 87 |
| സെക്രട്ടറി | 27 | 17 | 12601206 | 5398847 | 43 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 107 | 68 | 49530969 | 18255409 | 37 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-PHC | 2 | 1 | 24300 | 15600 | 64 |
| മെഡിക്കൽ ഓഫീസർ-CHC | 1 | 1 | 600000 | 525091 | 88 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 350000 | 350000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| വെറ്ററിനറി സർജ്ജൻ | 3 | 3 | 8000000 | 3350000 | 42 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1810371 | 1810371 | 100 |
| എച്ച്.എം | 4 | 4 | 1877500 | 1403216 | 75 |
| അസി.സെക്രട്ടറി | 9 | 8 | 3066500 | 1548470 | 50 |
| ആകെ | 173 | 117 | 100012391 | 42544805 | 43 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 9061 | 1124541 | 1133602 | 1131321 | 2281 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 25868000 | 25868000 | 25868000 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 9061 | 26992541 | 27001602 | 26999321 | 2281 |

# 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 22560 | 41 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 7390200 | 600 |
| 3 | വിധവാ പെൻഷൻ | 18376600 | 1486 |
| 4 | വാർദ്ധക്യകാല പെൻഷൻ | 23865200 | 1911 |
| 5 | വികലാംഗ പെൻഷൻ | 2826900 | 3260 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 452300 | 36 |

# 1-9 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13-11-2018 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 7340.00 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ ഭൗതിക സാഹചര്യം ഉന്നത നിലവാരം പുലർത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസ് പ്രവർത്തനവും ഓഫീസ് പ്രവർത്തനവും കാര്യക്ഷമമായി നടന്നുവരുന്നുണ്ടെന്ന് വിലയിരുത്തുന്നു. ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനത്തിനാവശ്യമായ വൈദ്യുതി സോളാർ പാനലിൽ

നിന്നും ലഭ്യമാകുന്നുണ്ടെന്നതും നേട്ടമായി കണക്കാക്കാവുന്നതാണ്.

ബജറ്റ് തയ്യാറാക്കുന്നതിൽ നിയമാനുസൃത നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നില്ലെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും ബോധ്യമായിട്ടുണ്ട്. നികുതി, നികുതിയേതര വരവുകൾ കാര്യക്ഷമമായി പിരിച്ചെടുക്കുന്നുണ്ടെന്ന് ഉന്നതാധികാരികൾ ഉറപ്പാക്കാത്തതിനാൽ പല തുകകളും പിരിച്ചെടുക്കാതെ കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിൽ ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള രേഖകളുടെ കൃത്യത ഉറപ്പാക്കാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പെർമിറ്റ് എടുക്കാതെ അനധികൃതമായി മൊബൈൽ ടവറുകൾ പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആയതിനെതിരെ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കാത്തതിനാൽ പെർമിറ്റ് ഫീ ഇനത്തിലും വസ്തു നികുതി ഇനത്തിലും ചോർച്ച ഉണ്ടാകുന്നുണ്ട്.

തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, പൊതു ടാപ്പുകളുടെ വെള്ളക്കരം, കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചെലവ്, മാലിന്യം സംസ്കരണത്തിനുള്ള ചെലവ് എന്നീ ഇനങ്ങളിൽ ഉണ്ടാകുന്ന അധിക ചെലവ് പരിമിതപ്പെടുത്തുന്നതിനുള്ള കാര്യക്ഷമമായ നടപടികൾ ഉണ്ടാകുന്നില്ലെന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു. അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ക്രിയാത്മകമായ ഇടപെടലിലൂടെ അപാകതകൾ പരിഹരിക്കേണ്ടതുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 22-10-2018 | 9/2018 | റിപ്പോർട്ട് ലഭ്യമായില്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31-08-2006 | 1997-98 മുതൽ 2005-06 വരെ | 10-11-2006 |

# 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

(ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ)

ഒന്നുമില്ല

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബഡ്ജറ്റ് തയ്യാറാക്കൽ -നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 214ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പ പ്രകാരമുള്ള വികസന പദ്ധതി ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. വകുപ്പ് 214 ഉപവകുപ്പ് 1(എ)(1) പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ബഡ്ജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്.

കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി 22.01.2018 ന് വിവിധ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർത്തതായി കാണുന്നു. എന്നാൽ ഡിസംബർ 15 നു മുമ്പ് യോഗം വിളിച്ചുചേർക്കണമെന്ന സമയക്രമം പാലിച്ചിട്ടില്ല. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ജനുവരി 22 നു മുമ്പ് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം വിളിച്ചു ചേർത്തിട്ടില്ല. ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്യുകയോ തീരുമാനമെടുക്കുകയോ ചെയ്തതായി

കാണുന്നില്ല. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച പദ്ധതിയേതര നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ഫെബ്രുവരി ഒന്നിന് മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല.
ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ കരട് ബജറ്റ് 12.02.2018 ലെ 2-ാം നമ്പർ തീരുമാനമായി ഭരണസമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുകയും ആയത് ചർച്ച ചെയ്യുന്നതിനായി 27.03.2018 തിയ്യതിയിൽ പ്രസിഡന്റ് പ്രത്യേക യോഗം വിളിക്കുകയും പ്രസ്തുത യോഗത്തിൽ ബജറ്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മാർച്ച് ഏഴിന് മുമ്പ് യോഗം വിളിക്കണമെന്ന സമയക്രമം പാലിച്ചിട്ടില്ല.

കേരളത്തിലെ പഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വലിലെ (സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരം) മാർഗ്ഗനിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ പൂർണ്ണമായും പാലിച്ചിട്ടില്ലെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.
നടപടിക്രമങ്ങൾ പാലിക്കാത്തത് യഥാർത്ഥത്തിൽ ആവശ്യമായ തുക വാർഷിക ബജറ്റിൽ വകയിരുത്താതെ പോകുന്നതിന് ഇടയാക്കുമെന്നകാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ബജറ്റ് നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 ക്യാൻസൽ ചെയ്ത സാംഖ്യ രശീതികൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

സ.ഉ (എം.എസ്) നം.150/2009/തസ്വഭവ തിയതി 1-8-2009 പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരവും പണം കൈകാര്യം ചെയ്യുവാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ അക്കൗണ്ടന്റിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കേണ്ടതും രസീതികൾ കൈകാര്യം ചെയ്യുന്നതിൽ അപാകതകൾ ഇല്ലെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതുമാണ്. 24.05.2017 ലെ സ.ഉ(സാധാ)നം 1699/2017/തസ്വഭവ പ്രകാരം അംഗീകരിച്ച തദ്ദേശ സർക്കാർ സ്ഥാപനങ്ങൾക്കുള്ള ഓഫീസ് മാനേജ്മെന്റ് മാന്വലിൽ ഇ-ഗവേർണൻസിൽ ഉൾപ്പെടെ സേവനങ്ങളുടെ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുണ്ട്.
സാംഖ്യ സോഫ്റ്റ്‌വെയർ മുഖേനയുള്ള പണം വരവിന്റെ കൃത്യത ഉറപ്പാക്കുന്നതിനായി സാംഖ്യ രശീതികളുടെ കൗണ്ടർ ഫോയിൽ, ക്യാൻസൽ ചെയ്ത രശീതികളുടെ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ക്യാൻസൽ ചെയ്യുന്ന ചില രശീതികളിൽ ആയതിന്റെ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രശീതി നം | സ്റ്റേഷനറി നം | തിയ്യതി | തുക |
|---|---|---|---|
| 117030112061 | 3511240 | 09.01.18 | 65 |
| 117030500025 | 3513577 | 28.02.18 | 288236 |
| 118030102345 | 3517407 | 21.05.18 | 125 |
| 118030102346 | 3517408 | 21.05.18 | 125 |
| 118030105849 | 6916946 | 29.08.18 | 5400 |
| 118030500010 | 6917707 | 14.09.18 | 12500 |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 04/14.11.18 ന് ഔദ്യോഗിക കൃത്യനിർവഹണത്തിലെ തിരക്കുകൾ മൂലമാണ് ചില രശീതികൾ യഥാസമയം കാരണം കാണിച്ച് ഒപ്പ് രേഖപ്പെടുത്തി ക്യാൻസൽ ചെയ്യാൻ കഴിയാതിരുന്നത് എന്ന് മറുപടി നൽകിയിട്ടുണ്ട്.
ക്യാൻസൽ ചെയ്യുന്ന സാംഖ്യ രശീതികളുടെ സ്റ്റേഷനറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തത് സ്റ്റേഷനറിയുടെ ദുരുപയോഗത്തിന് കാരണമാകുന്നതാണ്. രസീതികളിൽ ആവശ്യമായ സാക്ഷ്യപ്പെടുത്തൽ നടത്തി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുകയോ തൊഴിലെടുക്കുകയോ ചെയ്യുന്ന സ്ഥാപനത്തിന്റെയോ വ്യക്തിയുടെയോ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി പിരിവിന്റെ കാര്യക്ഷമത വിലയിരുത്തുന്നതിന്റെ ഭാഗമായി

തൊഴിൽ നികുതി റിട്ടേണുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. തൊഴിൽ നികുതി – വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 205 ഐ പ്രകാരം സെക്രട്ടറി, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ, ഒന്നോ അതിലധികമോ വർഷത്തേക്കായി സൂക്ഷിക്കേണ്ടതാണ്. എന്നാൽ അത്തരത്തിൽ ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും/ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

സ്ഥാപനങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ, ഒന്ന്-രണ്ട് അർദ്ധവർഷങ്ങളിൽ ലഭിച്ച തൊഴിൽനികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും/ വ്യക്തികളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | അനു വിസു ക്ലിനിക്ക്, കൊഴിഞ്ഞാമ്പാറ | II |

3. സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ബി എസ് എൻ എൽ | II |
| 2 | വേൾഡ് വിഷൻ ഇന്ത്യ | II |
| 3 | ഗീത സിനിമാക്സ് | II |

4. സ്റ്റേറ്റ്മെന്റുകൾ പരിശോധന നടത്താതെ തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നു

തൊഴിൽ നികുതി റിട്ടേൺ, സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്റ്റേറ്റ്മെന്റുകളിൽ അർദ്ധവാർഷിക വരുമാനം രേഖപ്പെടുത്താതെ, അടവാക്കേണ്ട നികുതി മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കണ്ടെത്തി. സ്റ്റേറ്റ്മെന്റുകൾ പരിശോധന നടത്താതെയാണ് നികുതി

സ്വീകരിച്ചിരിക്കുന്നതെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ഭാരത്മാതാ കോളേജ് ഓഫ് ആർട്സ് & സയൻസ് | I & II |
| 2 | കനാറാ ബാങ്ക് | I & II |
| 3 | എസാഫ് സ്മാൾ ഫിനാൻസ് ബാങ്ക് ലിമിറ്റഡ് | I & II |

5. തിയേറ്ററുകളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല

ഗീത സിനിമാക്സ് എന്ന സിനിമാ തിയറ്റർ ഒന്നാം അർദ്ധ വർഷത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിലും താഴെ പറയുന്ന തിയേറ്ററുകളിൽ നിന്ന് സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1. രവിരാജ്
2. കൗമാലയ
3. വൃന്ദാവൻ

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം 14/16.11.18-ന് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്നും ഈടാക്കാൻ ബാക്കിയുള്ള തൊഴിൽനികുതി ഈടാക്കുവാനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതുമാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

അപാകതകൾ പരിഹരിക്കേണ്ടതും ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ വിട്ടുപോയ തുക ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതുമാണ്.

# 2-4 ഡി & ഒ ലൈസൻസ് അനുവദിക്കുമ്പോൾ ചട്ടങ്ങൾ പാലിക്കേണ്ടതാണ്

1. ഡി&ഒ ലൈസൻസ് ഫീ നിർണ്ണയം- 2017 ലെ ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡി&ഒ ലൈസൻസ് ഫീസ് നിർണ്ണയ രീതി സർക്കാർ ഉത്തരവ് ജി.ഒ(പി) നം. 80/17/തസ്വഭവ തീയതി 31.10.2017 പ്രകാരം

പുറപ്പെടുവിച്ച ഭേഗദതി ചട്ടങ്ങൾ പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ചട്ടങ്ങളിലെ 'അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ' എന്നത് 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ' എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ട്.

ഇത് പ്രകാരം ലൈസൻസ് ഫീ നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പട്ടിക രണ്ടിൽ ഇതിനായി മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കേണ്ടതുണ്ട്.

രേഖകൾ പരിശോധിച്ചതിൽ ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് അപേക്ഷകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടില്ലെന്ന് ബോധ്യപ്പെട്ടു.

2018-19 മുതൽക്കുള്ള അപേക്ഷകളിൽ പുതുക്കിയ ചട്ടങ്ങൾ പ്രകാരമുള്ള ഫീസ് ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. അപേക്ഷകളിന്മേൽ അന്വേഷണം നടത്താതെ വർഷാവസാനം ലൈസൻസ് അനുവദിച്ചിരിക്കുന്നു

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലപരിധി അവസാനിക്കുന്നതിനു 30 ദിവസം മുൻപായും പുതുതായി തുറക്കേണ്ട സ്ഥലങ്ങൾക്കുള്ള അപേക്ഷ അവ തുറക്കുന്നതിന് 30 ദിവസം മുൻപായും സമർപ്പിക്കേണ്ടതാകുന്നു. എന്നാൽ ലൈസൻസ് നം 316 മുതൽ 350 വരെ പുതുക്കി അനുവദിച്ചിട്ടുള്ളത് 27.02.2018 മുതൽ 31.03.2018 വരെയുള്ള വർഷാവസാന കാലയളവിലാണ്. ടി അപേക്ഷകളിൽ അന്വേഷണ റിപ്പോർട്ട് രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 19/19.11.18 ന് 2018-19 വർഷം മുതൽ

ഭേദഗതി ഉത്തരവ് പ്രകാരം ലൈസൻസ് ഫീസ് ഈടാക്കാക്കിവരുന്നുണ്ടെന്നും 2017-18 ലൈസൻസ് പുതുക്കാതെ 2018-19 വർഷത്തേക്ക് പുതുക്കാനായി വന്നപ്പോഴാണ് വർഷാവസാനം 2017-18 ലൈസൻസ് നിയമാനുസൃത ഫീസ് ഈടാക്കി പുതുക്കി നൽകിയതെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1. പഞ്ചായത്ത് പ്രദേശത്തെ വ്യാപാരികളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ലിസ്റ്റ് (ട്രേഡേഴ്സ് ലിസ്റ്റ് ) സൂക്ഷിക്കേണ്ടതാണ്.
2. പുതുക്കിയ ചട്ടങ്ങൾ പ്രകാരമുള്ള ഫീസ് ഈടാക്കുന്നതിനായി അപേക്ഷകളിൽ ആവശ്യമായ മാറ്റം വരുത്തുവാനും പുതുക്കിയ ഫീസ് ഈടാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.
3. ഡി & ഒ ലൈസൻസ് പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

# 2-5 അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവർ ഉടമകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്നും, അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളുടെ പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2 /2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235 W, കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ, 2011 ചട്ടം 134 എന്നിവ പ്രകാരം സെക്രട്ടറിക്ക് ക്രമവൽക്കരിക്കുവാൻ കഴിയാത്ത നിർമ്മാണങ്ങളുടെ കാര്യത്തിൽ 15.02.2018 തിയ്യതിയിലെ സ.ഉ(അ)നം. 12/2018/തസ്വഭവ (എസ്.ആർ.ഒ നം 96/2018) പ്രകാരം നിലവിൽ വന്ന കേരള പഞ്ചായത്ത് കെട്ടിടങ്ങൾ (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽകരണം)ചട്ടങ്ങൾ, 2018 പ്രകാരം ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ ക്രമവൽക്കരിക്കുന്നതിനുള്ള

അപേക്ഷാ ഫീസ് 5000/- രൂപയും കോമ്പൗണ്ടിങ്ങ് ഫീസ് 100000/- രൂപയുമാണ്. സ.ഉ(അച്ചടി)നം. 19/2011/ത.സ്വ.ഭ.വ തിയതി 14.01.2011 പ്രകാരം മൊബൈൽ ടെലിഫോൺ ടവറിന് നിർണ്ണയിക്കപ്പെട്ടിരിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്ര മീറ്ററിന് 500 രൂപയാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിലെ കാര്യക്ഷമത വിലയിരുത്തുന്നതിന്റെ ഭാഗമായി വസ്തുനികുതി നിർണ്ണയ രജിസ്റ്റർ (സഞ്ചയ) പരിശോധിച്ചതിൽ 3 ടവറുകൾക്ക് മാത്രമാണ് നികുതി നിർണ്ണയിച്ചിരിക്കുന്നതെന്ന് ബോധ്യപ്പെട്ടു. മൊബൈൽ ടവറുകളെ സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ വിവിധ വാർഡുകളിലായി 6 ടവറുകൾ അനധികൃതമായി പ്രവർത്തിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | മൊബൈൽ കമ്പനിയുടെ പേര് | ടവർ സ്ഥിതിചെയ്യുന്ന വാർഡ് നം | ടവർ സ്ഥിതിചെയ്യുന്ന സ്ഥലം | ടവർ സ്ഥിതിചെയ്യുന്ന സ്ഥല ഉടമയുടെ പേര്, വിലാസം |
|---|---|---|---|---|
| 1 | റിലയൻസ് ജിയോ | 15 | നാട്ടുകൽ സഹകരണ ക്ഷീരസംഘത്തിന് സമീപം | വെങ്കിടാചലം, ലക്ഷ്മി നിവാസ്, അയ്യപ്പൻകുന്ന്, നാട്ടുകൽ |
| 2 | എയർടെൽ | 18 | അംഗൺവാടിക്ക് എതിർവശം | സിറാജുദ്ദീൻ S/o കമാലുദ്ദീൻ, അത്തിക്കോട് |
| 3 | എയർസെൽ, ഐഡിയ | 13 | അഞ്ചാംമൈൽ കള്ളുഷാപ്പിന് സമീപം | ചിത്രവേണി D/o നാഗരാജ്, അഞ്ചാംമൈൽ |
| 4 | ബിഎസ്എൻഎൽ | 13 | അഞ്ചാംമൈൽ ജംഗ്ഷൻ | രാമലിംഗം, അഞ്ചാംമൈൽ |
| 5 | ബിഎസ്എൻഎൽ | 17 | പഴയ ഇസാഫ് ആശുപത്രിക്ക് സമീപം | സബ്ബ് ഡിവിഷണൽ എഞ്ചിനീയർ, ചിറ്റൂർ |
| 6 | വോഡഫോൺ | 13 | വിനായക ക്ഷേത്രത്തിന് സമീപം | കാളിമുത്തു S/o കൃഷ്ണസ്വാമി കൗണ്ടർ, |

| | | | | |
|---|---|---|---|---|
| | | | | കെ.കെ.പതി |

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011, ചട്ടം 118 പ്രകാരം വാർത്താവിനിമയ ഗോപുരങ്ങൾ നിർമ്മിക്കുന്നതിനോ പുനർനിർമ്മിക്കുന്നതിനോ മാറ്റങ്ങൾ വരുത്തുന്നതിനോ മുൻപ് സെക്രട്ടറിയിൽ നിന്ന് ഓരോന്നിനും പ്രത്യേകം പെർമിറ്റ് ലഭ്യമാക്കേണ്ടതാണ്. പെർമിറ്റ് എടുക്കാത്തതോ പെർമിറ്റിൽ നിന്നും വ്യതിചലിച്ചതോ ആയ നിയമപരമായ നിർമ്മാണങ്ങൾ, നിയമാനുസൃത ഫീസ് ഈടാക്കി ക്രമവൽക്കരിച്ച നൽകുന്നതിന് ചട്ടം 134 പ്രകാരം സെക്രട്ടറിക്ക് അധികാരമുണ്ടെങ്കിലും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും ഇത് തടസ്സമാകുന്നില്ല.
ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം 5/14.11.2018 ന് അനധികൃത നിർമ്മാണം സംബന്ധിച്ച് ടവർ ഉടമകൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നും തുടർ നിയമ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ആവശ്യമായ തുടർ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിലുള്ള ടെണ്ടർ ഫോറങ്ങളുടെ വില പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ ഇ-ടെണ്ടറുകൾ നടത്തുന്നതിനായി എസ്.ബി.ഐ ഒരു കറണ്ട് അക്കൗണ്ട് നിലവിലുണ്ട്. അക്കൗണ്ട് നം. 37316334353.

അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നിലവിൽ 271993 രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നതായി ബോധ്യപ്പെട്ടു. ടെണ്ടർ ഫോറം ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ നിന്നും ലഭ്യമായ 252506 രൂപയും ഇതിൽ ഉൾപ്പെടുന്നു.

ഓഡിറ്റ് നിർദ്ദേശം

ടെണ്ടർ ഫോറങ്ങളുടെ വില ഗ്രാമപഞ്ചായത്തിന് അവകാശപ്പെട്ടതായതിനാൽ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-7 ഉഴവർ ചന്തയിൽ നിന്നുള്ള വരുമാനം ഉറപ്പാക്കേണ്ടതാണ്

വസ്തുവകകളിൽ നിന്നുള്ള ആദായം ഉറപ്പാക്കുന്നതിലെ കാര്യക്ഷമത വിലയിരുത്തുന്നതിന്റെ ഭാഗമായി പഞ്ചായത്ത് തൻവർഷം ഉപയോഗ യോഗ്യമാക്കിയ ഉഴവർ ചന്ത ലേലം ചെയ്തിട്ടുണ്ടോ എന്നി വിലയിരുത്തിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് കൂടി ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള ഉഴവർ ചന്ത വർഷങ്ങളായി പ്രവർത്തനക്ഷമമല്ലാതെ കിടക്കുകയായിരുന്നു. 2017-18 വർഷത്തിൽ വികസന ഫണ്ടിൽ നിന്നും 3 ലക്ഷം രൂപ വകയിരുത്തി പ്രൊജക്റ്റ് ആവിഷ്കരിച്ച് 277865 രൂപ ചെലവഴിച്ച് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഷട്ടർ, എ.സി ഷീറ്റ് എന്നി മാറ്റി സ്ഥാപിക്കുകയും പെയ്ന്റിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്.

(പ്രൊ.നം. 149/18, കരാറുകാരൻ:ശ്രീ.ദിനേഷ്, എഗ്രിമെന്റ് നം. 35/ 15-2-2018, അളവു പുസ്തകം നം. 126/18, ബിൽ നം. 66/17-3-2018)

കെട്ടിടത്തിലെ മുറികൾ ആവശ്യക്കാർക്ക് ലേലം ചെയ്ത് നൽകി വരുമാനം ഉറപ്പാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

ഗ്രാമപഞ്ചായത്തുകളുടെ റവന്യൂ കാര്യക്ഷമമാക്കുന്നതിനായി സർക്കാർ അംഗീകരിച്ച ഫിനാൻസ് മാനേജ്മെന്റ്(റവന്യൂ) മാന്വലിലെ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് കെട്ടിടത്തിലെ മുറികൾ ലേലം ചെയ്ത് വരുമാനം ഉറപ്പാക്കേണ്ടതാണ്.



ചിത്രം – ഉഴവർചന്തയിലെ കടമുറികൾ

## 2-8 കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി പെർമിറ്റ് അനുവദിക്കേണ്ടതാണ്

1. പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ഫ്ലോർ ഏരിയക്ക് പകരം പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കിയിരിക്കുന്നു

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 ലെ ചട്ടം 11(3) പ്രകാരമുള്ള ഷെഡ്യൂൾ II ൽ പെർമിറ്റിനുള്ള ഫീസ് നിരക്ക് ആകെ ഫ്ലോർ ഏരിയയുടെ അടിസ്ഥാനമാക്കിയാണ് നിശ്ചയിച്ചിട്ടുള്ളത് (per sqare metre of floor area). കൂടാതെ കാർഷെഡ്, ടൊയ്‌ലറ്റ്, വാച്ച് & വാർഡ് കാബിൻ മുതലായവയും ഫ്ലോർ ഏരിയയോടൊപ്പം പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ചേർക്കേണ്ടതാണ്. എന്നാൽ കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം സങ്കേതം സോഫ്റ്റ്‌വെയർ മുഖേനയും മാന്വലായും അനുവദിച്ച മുഴുവൻ കെട്ടിട നിർമ്മാണ പെർമിറ്റുകൾക്കും പെർമിറ്റ് ഫീസ് നിശ്ചയിക്കുന്നതിന് അടിസ്ഥാനമാക്കിയിട്ടുള്ളത് പ്ലിന്ത് ഏരിയയാണ്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെർമിറ്റ് നം. | പെർമിറ്റ് ലഭിച്ചയാളുടെ പേരും വിലാസവും | കെട്ടിട ത്തിന്റെ തരം | പ്ലാൻ പ്രകാരം കെട്ടിട ത്തിന്റെ | പ്ലാൻ പ്രകാരം കെട്ടിട ത്തിന്റെ | നിർണ്ണയി ച്ചിരിക്കുന്ന പെർമിറ്റ് ഫീസ് |
|---|---|---|---|---|---|---|

| | | | | പ്ലിന്ത് ഏരിയ (ച.മീ) | ഫ്ലോർ ഏരിയ (ച.മീ) | |
|---|---|---|---|---|---|---|
| 1 | ബിഎ (30907) /17 തി 27.06.17 | മാരിയപ്പൻ, പരുമൻചള്ള, നാട്ടുകൽ, ചിറ്റൂർ. | പാർപ്പിടം | 196.63 | 157.30 | 196.63* 3 =590 രൂപ |
| 2 | ബിഎ (51567) /17 തി 06.10.17 | നാസർ ഹുസൈൻ മുതൽപേർ, വലിയകത്ത് കാരക്കാട്ട് വീട്, പുന്നയൂർ കുളം പി.ഒ | വാണിജ്യം | 2186.2 | 1979.7 | 2186.2*5 =10931 രൂപ |
| 3 | എ 2-30/ 3436/17 തി 06.07.17 | ഫാ. റെക്ടർ, ഭാരത്മാതാ ആർട്സ് & സയൻസ് കോളേജ്, കൊഴിഞ്ഞാമ്പാറ | വിദ്യാഭ്യാസം | 1371 | 1032 | 1371*5 = 6855 രൂപ |

(കാറ്റഗറി II പഞ്ചായത്തിൽ ഗാർഹികാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 3 രൂപയും ഇതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് 5 രൂപയുമാണ് പെർമിറ്റ് ഫീസ്)

2. പ്ലാനിൽ ആവശ്യമായ അളവുകൾ രേഖപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 ലെ ചട്ടം 6 അനുസരിച്ച് അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന പ്ലാനിൽ ആവശ്യമായ എല്ലാ അളവുകളും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാനുകൾ പരിശോധിച്ചതിൽ അപ്രകാരം രേഖപ്പെടുത്തലുകൾ നടത്തിയതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെർമിറ്റ് നം. | അപേക്ഷകന്റെ പേരും വിലാസവും | റിമാർക്ക്സ് |
|---|---|---|---|
| 1 | ബിഎ(352577)/ 17 തി 13.07.17 | ബാലകൃഷ്ണൻ, കുളത്തിങ്കൽ വീട്, കണ്ണമേട് | ഫ്ലോർ ഏരിയ, കാർപ്പറ്റ് ഏരിയ എന്നിവ മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. ഫ്ലോർ ഏരിയയെ പ്ലിന്ത് ഏരിയ എന്ന് |

| | | | |
|---|---|---|---|
| | | | രേഖപ്പെടുത്തി പെർമിറ്റ് ഫീസ് കണക്കാക്കിയിരിക്കുന്നു. |
| 2 | ബിഎ(12923)/ 18 തി 15.02.18 | ശിവരാമകൃഷ്ണൻ, പത്മാവതി, തരകൻചള്ള, വണ്ണാമട | ഫ്ലോർ ഏരിയ രേഖപ്പെടുത്തിയിട്ടില്ല. പ്ലിന്ത് ഏരിയ, കാർപ്പറ്റ് ഏരിയ എന്നിവ മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. |

3. <u>സങ്കേതം സോഫ്റ്റ്‌വെയർ – ഡാറ്റയുടെ കൃത്യത ഉറപ്പാക്കണം</u>

സങ്കേതം സോഫ്റ്റ്‌വെയറിൽ അംഗീകൃത ലൈസൻസിയുടെ ലോഗിനിൽ നിന്ന് വരുന്ന അപേക്ഷ സെക്ഷൻ ക്ലർക്ക്, സെക്രട്ടറിയുടെ അനുമതിയോടെ എഞ്ചിനീയറിംഗ് വിംഗിന് കൈമാറുകയും സാങ്കേതിക അന്വേഷണ വിവരങ്ങൾ രേഖപ്പെടുത്തി ആയത് സെക്രട്ടറിക്ക് തിരികെ നൽകുകയും ചെയ്യുന്നു. കെട്ടിട നിർമ്മാണം ചട്ടപ്രകാരമാണെങ്കിൽ മാത്രമേ സെക്രട്ടറിക്ക് തുടർനടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. സെക്രട്ടറി പെർമിറ്റ് അംഗീകരിക്കുമ്പോഴാണ് പെർമിറ്റ് ഫീ ഡിമാന്റ് ഓട്ടോ ജനറേറ്റഡ് ആകുന്നത്.
സങ്കേതം സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ബോധ്യപ്പെട്ടു.

- സങ്കേതം സോഫ്റ്റ്‌വെയറിൽ പെർമിറ്റ് ഫീ ഡിമാന്റ് ജനറേറ്റ് ചെയ്യപ്പെടുന്നത് പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കിയാണ്.
- വസ്തുതാപരമല്ലാത്ത തിരുത്തലുകൾ പോലും നടത്തുവാൻ അപേക്ഷ തിരിച്ചയക്കേണ്ടതായി വരുന്നു.
- സംയുക്ത ഉപയോഗക്രമമുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ പെർമിറ്റ് ഫീസ് കണക്കാക്കുന്ന രീതി വ്യക്തമല്ലാത്തതിനാൽ കൃത്യത ഉറപ്പാക്കാനാവുന്നില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 18/19.11.18-ന് അപേക്ഷയോടൊപ്പം ലൈസൻസികൾ സമർപ്പിക്കുന്ന പ്ലാനിൽ അടിത്തറ വിസ്തീർണ്ണം, കാർപ്പറ്റ് വിസ്തീർണ്ണം എന്നിവ മാത്രമാണ് രേഖപ്പെടുത്തി വരുന്നതെന്നും സങ്കേതം സോഫ്റ്റ്‌വെയറിൽ അടിത്തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് പെർമിറ്റ് ഫീസ് ജനറേറ്റ് ചെയ്യുന്നതെന്നും തുടർന്നുള്ള ഫയലുകളിൽ ഈ അപാകത പരിഹരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. സാങ്കേതിക പ്രശ്നങ്ങൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപെടുത്തി കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ, 2011 പ്രകാരം പെർമിറ്റ്

അനുവദിക്കുവാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. പ്ലാനുകളിൽ ആവശ്യമായ എല്ലാ അളവുകളും ഉൾപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

3. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-9 കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടം ക്രമവൽകരിച്ച് നൽകിയത് അന്വേഷണ വിധേയമാക്കേണ്ടതാണ്

ഫയൽ നം. എ 7-2923/17 തിയ്യതി 25.04.2017 പ്രകാരം ശ്രീ.എം. അബ്ദുൾ ഹക്കീം, S/o എസ്. മുഹമ്മദ്ദ് ഇബ്രാഹിം, മെഹബൂബ ഹൗസ്, അത്തിക്കോട്, നട്ടപ്പാളയം എന്നയാൾ 24.04.2017 ന് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ആകെ 557.80 ചതുരശ്ര മീറ്റർ തറവിസ്തീർണ്ണമുള്ള 3 നിലകളുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ, നിർമ്മാണം പൂർത്തിയായ 180.47 ചതുരശ്ര മീറ്റർ ഭാഗത്തിന് ക്രമവൽകരണം നടത്തി 17/742, 17/743, 17/744, 17/745 എന്നീ കെട്ടിട നമ്പരുകൾ അനുവദിച്ചിട്ടുണ്ട്.
കെട്ടിടത്തിന്റെ വശങ്ങളിലെ സ്ഥലമുടമകളുടെ നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. *കേരള പഞ്ചായത്ത് രാജ് ആക്ടിന്റെയോ മറ്റ് ഏതെങ്കിലും സർക്കാർ ഉത്തരവുകളുടെയോ അടിസ്ഥാനത്തിൽ പിന്നീട് കെട്ടിടം പൊളിച്ചുമാറ്റണമെന്ന് ആവശ്യപ്പെടുന്ന പക്ഷം അപ്രകാരം ചെയ്യാമെന്ന്* അപേക്ഷകനുമായി കരാർ ചമച്ചതായും കാണുന്നു. നിയമ സാധുതയില്ലാത്ത കരാർ ചമച്ചതിന്റെ കാരണം വ്യക്തമല്ല. മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

- 12.01.2016 തിയ്യതിയിൽ പെർമിറ്റിനായി സമർപ്പിച്ച (ഫൈനൽ എൻ ഒ സി എന്ന് അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്നു) എ2-308/16 നമ്പർ അപേക്ഷയിൽ സാങ്കേതിക വിഭാഗം അന്വേഷണം നടത്തിയ റിപ്പോർട്ടിൽ 10 മീറ്റർ ഉയരമുള്ള കെട്ടിടത്തിന്റെ വശങ്ങളിൽ ചട്ടപ്രകാരമുള്ള അകലം പാലിച്ചിട്ടില്ലെന്നും വാട്ടർ ക്ലോസറ്റ്, പാർക്കിംഗ് ഏരിയ, മൂത്രപ്പുര, മഴവെള്ള സംഭരണി എന്നിവ ചട്ടപ്രകാരം നിർമ്മിച്ചിട്ടില്ല എന്നും രേഖപ്പെടുത്തിയിരിക്കുന്നു. പെർമിറ്റ് അനുവദിച്ചതായി കാണുന്നില്ല.

- ക്രമവൽകരിച്ച് കെട്ടിട നമ്പർ അനുവദിച്ച വേളയിൽ സാങ്കേതിക വിഭാഗം

അന്വേഷണം നടത്തിയതായി കാണുന്നില്ല. കെട്ടിടത്തിന്റെ അളവുകൾ സംബന്ധിച്ച റിപ്പോർട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാനിലും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

- കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 ലെ ചട്ടം 137(4) പ്രകാരം ക്രമവൽകരണത്തിനുള്ള രാജിയാക്കൽ ഫീസ് നിലവിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയായിരിക്കേണ്ടതാണ്. 08.05.2017-ലെ 117030101596 നം രശീതി പ്രകാരം 180.47*5*3= 2730/- രൂപ (പെർമിറ്റ് ഫീസിന്റെ മൂന്നിരട്ടി) ക്രമവൽകരണ ഫീസ് ഈടാക്കിയാണ് ക്രമവൽകരണം നടത്തിയിരിക്കുന്നത്.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 24/21.11.18 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 ചട്ടം 134 പ്രകാരം ചട്ടങ്ങൾ പാലിച്ചുള്ള നിർമ്മാണങ്ങൾ മാത്രമാണ് ക്രമവൽക്കരിക്കുന്നതിന് സെക്രട്ടറിക്ക് അധികാരമുള്ളതെന്നിരിക്കെ മേൽ കാര്യങ്ങളിൽ അന്വേഷണം നടത്തി തുടർ നടപടികൾ അറിയിക്കേണ്ടതാണെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുമരാമത്ത് പ്രവൃത്തികളുടെ ആസൂത്രണവും നിർവ്വഹണവും കാര്യക്ഷമമാക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് സ്പിൽഓവർ ഉൾപ്പെടെ 107 പ്രൊജക്ടുകൾക്ക് തൻവർഷം അംഗീകാരം

ലഭ്യമാക്കിയെങ്കിലും 68 എണ്ണം മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. വകയിരുത്തിയ 4.95 കോടി രൂപയിൽ 1.83 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 37% തുക മാത്രമാണ് തൻവർഷത്തെ ചെലവ്.

ടാർ വാങ്ങി നല്കുന്നതിനായി കരാറുകാർ ബഹു.ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജിയും മറ്റ് സാങ്കേതിക തടസ്സങ്ങളും പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടുള്ളതായി വിലയിരുത്തുന്നു. കുറഞ്ഞ അടങ്കലിൽ കൂടുതൽ പ്രൊജക്റ്റുകൾ ആവിഷ്കരിക്കുന്നതിനു പകരം വ്യക്തമായ സ്ഥിതി വിവര കണക്കുകളേയും റോഡ് കണക്റ്റിവിറ്റി മാപ്പിനേയും അടിസ്ഥാനമാക്കി യഥാർത്ഥ ആവശ്യകതയ്ക്ക് മുൻഗണന നിശ്ചയിച്ച് പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിറ്റ്സിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിനുള്ള ക്രിയാത്മക ചർച്ചകൾ നടന്നതിന്റേയോ നിർദ്ദേശങ്ങൾ വിലയിരുത്തിയതിന്റെ വിശദാംശങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി നിരീക്ഷിച്ചതായും കാണുന്നില്ല.

പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുടർ വർഷങ്ങളിലെ മരാമത്ത് പ്രവർത്തികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പദ്ധതികളുടെ ആസൂത്രണ ഘട്ടത്തിൽ ആവശ്യമായ ഇടപെടൽ നടത്തേണ്ടതാണെന്ന് വിലയിരുത്തുന്നു.

# 3-2 <u>മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ് കാര്യക്ഷമമാക്കേണ്ടതാണ്</u>

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ആവശ്യമായ എല്ലാ രേഖകളും സൂക്ഷിക്കുന്നുണ്ടോ എന്ന് വിലയിരുത്തിയതിന്മേലുള്ള പ്രധാന നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. പുതുക്കിയ പൊതുമരാമത്ത് മാന്വലിനനുസരിച്ച് എഗ്രിമെന്റ് വ്യവസ്ഥകൾ കാലികമാക്കിയിട്ടില്ല.

2. കരാറുകാർക്ക് അയയ്ക്കുന്ന സെലക്ഷൻ നോട്ടീസ് പല ഫയലുകളിലും സൂക്ഷിക്കുന്നില്ല.

3. പല പ്രവൃത്തികളുടേയും എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ ഫയലിൽ സൂക്ഷിക്കുന്നില്ല.

4. ഇ-ടെണ്ടറുകളിൽ പങ്കെടുത്ത കരാറുകാരുടെ നിരക്കുകളുടെ താരതമ്യപട്ടികയും പല ഫയലുകളിലും സൂക്ഷിച്ചിട്ടില്ല.

5. പ്രവൃത്തി പൂർത്തീകരണം വൈകുന്നതിനാൽ കരാറുകാർക്ക് അയയ്ക്കുന്ന നോട്ടീസുകളും അസി. എഞ്ചിനിയർ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകുന്ന റിപ്പോർട്ടുകളും ഫയലിൽ സൂക്ഷിക്കുന്നില്ല.

6. പ്രവൃത്തികളുടെ അളവു പുസ്തകം, ബിൽ എന്നിവ തയ്യാറാക്കിയപ്പോൾ ടെണ്ടർ വ്യതിയാനം കുറവു ചെയ്യുന്നതിലും ടെണ്ടർ തുകയിൽ പ്രവൃത്തി മൂല്യം നിജപ്പെടുത്തുന്നതിലും ഉണ്ടായ ശ്രദ്ധക്കുറവ് കാരണം പഞ്ചായത്തിന് ഫണ്ട് നഷ്ടം ഉണ്ടായിട്ടുണ്ട്. ആയതിനാൽ രേഖകൾ തയ്യാറാക്കുന്നതിൽ കുറേക്കൂടി കൃത്യത പുലർത്തേണ്ടതാണ്.

7. എഗ്രിമെന്റ് രജിസ്റ്ററിൽ പൂർത്തീകരണ തിയതി രേഖപ്പെടുത്തുന്നില്ല.

8. ടെണ്ടർ ഫോറങ്ങളുടെ കൃത്യമായ കണക്ക് കാണിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതും ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 3-3 ആസ്തി സംരക്ഷണ പദ്ധതി നടപ്പാക്കാതെ ആസ്തി സംരക്ഷണ പദ്ധതികൾ ആവിഷ്കരിച്ചു

റോഡ് സംരക്ഷണത്തിനായി 7717071 രൂപയും റോഡിതര ആസ്തികൾക്കായി 2485298 രൂപയും തൻവർഷം ചെലവഴിച്ചിട്ടുണ്ട്. റോഡ് മെയ്ന്റനൻസിനായി ലഭിച്ച തുകയിൽ 52% തുകയും റോഡിതര ആസ്തികളുടെ മെയ്ന്റനൻസിനായി ലഭിച്ച തുകയിൽ 54% തുകയും മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന പതിമൂന്നാം പദ്ധതിയുടെ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടുണ്ടോ എന്നി വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

എ. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിലെ പ്രധാന നിർദ്ദേശങ്ങൾ

സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും

സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും അനുയോജ്യമായ നിർദ്ദേശങ്ങൾ ആസ്തി സംരക്ഷണ പദ്ധതിയിൽ ഉണ്ടാകേണ്ടതാണ്.

സംരക്ഷണ ഗ്രാന്റ് ഉപയോഗിച്ച് അറ്റകുറ്റപ്പണികൾ നടത്തുന്നതിനു പുറമേ ഘടക സ്ഥാപനങ്ങളിൽ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുവാനും സേവനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങാവുന്നതുമാണ്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുവാനും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കത്തക്ക വിധം ആസ്തി സംരക്ഷണ പദ്ധതി വിഭാവനം ചെയ്യേണ്ടതാണ്.

ആസ്തി സംരക്ഷണ പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിനു മുമ്പായി വിളിച്ച ചേർക്കുന്ന ഘടകസ്ഥാപനങ്ങളിലെ മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രൊജക്റ്റുകളായിരിക്കണം പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്.

രേഖകളുടെ പരിശോധനയിൽ അത്തരത്തിലുള്ള പല പ്രവർത്തനങ്ങൾ നടന്നിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്.

ബി. ഘടക സ്ഥാപനങ്ങളുടെ നിലവാരം ഉയർത്തൽ - ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കിയില്ല

റോഡിതര മെയ്ന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നിർവ്വഹണം നടത്തുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ താഴെ പറയുന്ന പ്രവൃത്തികൾ തൻവർഷം നടപ്പാക്കിയിട്ടില്ല.

| ക്രമ നം. | പ്രൊജക്റ്റ് നം. , പ്രവൃത്തി | അടങ്കൽ |
|---|---|---|
| 1 | 171/18-നാട്ടുകൽ ജി.എൽ.പി.എസ് അറ്റകുറ്റപ്പണി | 300000 |
| 2 | 143/18-കൃഷി ഭവൻ അറ്റകുറ്റപ്പണി | 723000 |
| 3 | 140/18-കുന്നംകാട്ടുപതി എൽ.പി.എസ് അറ്റകുറ്റപ്പണി | 900000 |
| 4 | 142/18-വിവിധ അങ്കണവാടികളുടെ അറ്റകുറ്റപ്പണികൾ | 1100000 |

സി. ഓഡിറ്റ് നിർദ്ദേശങ്ങൾ

പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് മെയ്ന്റനൻസ് പ്ലാൻ തയ്യാറാക്കേണ്ടതും ആയതിനനുസരിച്ച് മാത്രം മെയ്ന്റനൻസ് പ്രവൃത്തികൾക്ക് രൂപം നൽകേണ്ടതുമാണ്.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ഈ വിഷയത്തിൽ ആവശ്യമായ ചർച്ചകൾ ഉണ്ടാകേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 പഞ്ചായത്ത് ഓഫീസ് കെട്ടിടം രണ്ടാം നില പൂർത്തീകരണം - ടെണ്ടർ തുകയിൽ പരിമിതപ്പെടുത്താതെ തുക അനുവദിച്ചു

മരാമത്ത് പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിൽ കൃത്യത പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ ലക്ഷ്യമിട്ടത് പ്രകാരം താരതമ്യേന വലിയ അടങ്കലുള്ള പ്രവൃത്തികളുടെ ബില്ലുകളും അളവു പുസ്തകങ്ങളും ടെണ്ടർ രേഖകളും പൊരുത്തപ്പെടുത്തി പരിശോധിച്ചപ്പോൾ താഴെ പറയുന്ന പ്രവൃത്തിയുടെ ബിൽ തുക ടെണ്ടർ തുകയിൽ പരിമിതപ്പെടുത്താതെയാണ് അനുവദിച്ചതെന്ന് ബോധ്യപ്പെട്ടു.

പ്രൊ.നം. 129/18 - പഞ്ചായത്ത് ഓഫീസ് കെട്ടിടം രണ്ടാം നില പൂർത്തീകരണം

അടങ്കൽ : 786241(ലോക ബാങ്ക് സഹായം)

കരാറുകാരൻ : ശ്രീ.മുത്തുകുമാർ.എൻ

എഗ്രിമെന്റ് നം. 64/7-3-2017

ടെണ്ടർ തുക : 681316

അളവു പുസ്തകം നം. 98/16-17

ചെലവ് :742477 (ബിൽ നം. 28/23-09-17)

കരാറുകാരന് തുക അനുവദിച്ചതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

പ്രവൃത്തി മൂല്യം : 700450

(+) സർവ്വീസ് ടാക്സ് (6%): 42027

ആകെ : 742477

<u>അനുവദനീയമായ തുക</u>

ടെണ്ടർ തുക :681316

(+) സർവ്വീസ് ടാക്സ് (6%): 40879

ആകെ : 722195

അധികമായി അനുവദിച്ചത് : 20282 (742477-722195)

അളവു പുസ്തകത്തിലെ സംക്ഷിപ്തം, അവസാന ബിൽ എന്നിവ തയ്യാറാക്കിയതിലെ അപാകതകാരണമാണ് ടെണ്ടർ പരിമിതപ്പെടുത്താതെ തുക അനുവദിച്ചതെന്ന് ബോധ്യപ്പെട്ടു.

ബില്ലുകൾ തയ്യാറാക്കി ട്രഷറിയിലേക്ക് നൽകുന്നതിനു മുമ്പായി കൃത്യത പരിശോധിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 8/15-11-2018 നുള്ള മറുപടിയിൽ ശ്രദ്ധക്കുറവു കൊണ്ടാണ് അപാകത ഉണ്ടായതെന്നും കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവു വെച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-5 ടെണ്ടർ വ്യതിയാനം കുറവു ചെയ്യാതെ കരാറുകാർക്ക് ബിൽ തുക അനുവദിച്ചു

ടെണ്ടർ കുറവ് രേഖപ്പെടുത്തിയ മരാമത്ത് പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിൽ കൃത്യത പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ ലക്ഷ്യമിട്ടത് പ്രകാരം ബില്ലുകളും അളവു പുസ്തകങ്ങളും ടെണ്ടർ രേഖകളും പൊരുത്തപ്പെടുത്തി പരിശോധിച്ചപ്പോൾ താഴെ പറയുന്ന പ്രവൃത്തികളുടെ അവസാന ബില്ലിൽ നിന്നും ടെണ്ടർ വ്യതിയാനം കുറവു ചെയ്യുവാൻ വിട്ടുപോയിട്ടുള്ളതായി കണ്ടെത്തി.

## 1. പ്രൊ.നം. 136/18 - കരുവപ്പാറ കുടിവെള്ള പദ്ധതി - അവസാന ബില്ലിൽ നിന്നും ടെണ്ടർ വ്യതിയാനം കുറവു ചെയ്തില്ല

അടങ്കൽ : 400000 (സി.എഫ്.സി)

ടെണ്ടർ വ്യതിയാനം : 10.50% കുറവ്.

ചെലവ് : (ബിൽ നം. 2/21-06-17 – 239767 & 18/2-9-17– 138095)

കരാറുകാരൻ : ശ്രീ.ബി.സുനിൽകുമാർ

എഗ്രിമെന്റ് നം. 61/2-3-2017

അളവു പുസ്തകം നം. 133/16-17

ബിൽ തുകകൾ അനുവദിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

ഒന്നാം പാർട്ട് ബിൽ ( ബിൽ നം. 2/21-06-17 – 239767)

പ്രവൃത്തി മൂല്യം : 267896

(-) 10.5% ടെണ്ടർ വ്യത്യയാനം (28129) = 239767

കരാറുകാരന് അനുവദിച്ചത് - 233773 (റീടെൻഷൻ 5994 കുറവു ചെയ്ത തുക)

അവസാന ബിൽ (18/2-9-17– 138095)

പ്രവൃത്തി മൂല്യം - 132101

കരാറുകാരന് അനുവദിച്ചത് - 138095 (റീടെൻഷൻ 5994 ഉൾപ്പെടെ)

കരാർ ഉറപ്പിച്ച നൽകിയത് 10.50% കുറവ് തുകയ്ക്കാണ്. അവസാന ബിൽ തുകയിൽ നിന്നും ടെണ്ടർ വ്യതിയാനം കുറവ ചെയ്യാതെ പാർട്ട് ബിൽ നൽകിയതിനാൽ 13871 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

## 2. കരംപൊറ്റ കുടിവെള്ള പദ്ധതി - ബില്ലുകളിൽ നിന്നും ടെണ്ടർ വ്യതിയാനം കുറവു ചെയ്യാതെ തുക അനുവദിച്ചു

മരാമത്ത് പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിൽ കൃത്യത പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ ലക്ഷ്യമിട്ടത് പ്രകാരം ബില്ലുകളും അളവു പുസ്തകങ്ങളും ടെണ്ടർ രേഖകളും പൊരുത്തപ്പെടുത്തി പരിശോധിച്ചപ്പോൾ താഴെ പറയുന്ന പ്രവൃത്തിയുടെ അവസാന ബില്ലിൽ നിന്നും ടെണ്ടർ വ്യതിയാനം കുറവു ചെയ്യുവാൻ വിട്ടുപോയിട്ടുള്ളതായി കണ്ടെത്തി.

പ്രൊ.നം. 135/18

അടങ്കൽ : 300000 (സി.എഫ്.സി)

കരാറുകാരൻ : ശ്രീ.കെ.സുരേഷ്

എഗ്രിമെന്റ് നം. 59/1-3-2017

11.50% കുറവ്.

അളവു പുസ്തകം നം. 124/16-17

ചെലവ് : 278975 (ബിൽ നം. 1/29-06-17 – 116592 & 20/2-9-17– 162383)

ബില്ലുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഒന്നാം പാർട്ട് ബിൽ (ബിൽ നം. 1/29-06-17 – 116592)

പ്രവൃത്തി മൂല്യം : 116592

കരാറുകാരന് അനുവദിച്ചത് - 114073 (റീടെൻഷൻ 2519 കുറവു ചെയ്ത തുക)

കരാർ ഉറപ്പിച്ച നൽകിയത് 11.50% കുറവ് തുകയ്ക്കാണ്. ബിൽ തുകയിൽ നിന്നും ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ പാർട്ട് ബിൽ നൽകിയതിനാൽ 13408 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

അവസാന ബിൽ (20/2-9-17– 162383)

പ്രവൃത്തി മൂല്യം - 159468

കരാറുകാരന് അനുവദിച്ചത് - 162383 (റീടെൻഷൻ 2519 ഉൾപ്പെടെ)

കരാർ ഉറപ്പിച്ച നൽകിയത് 11.50% കുറവ് തുകയ്ക്കാണ്. ബിൽ തുകയിൽ നിന്നും ടെണ്ടർ വ്യതിയാനം കുറവ് ചെയ്യാതെ പാർട്ട് ബിൽ നൽകിയതിനാൽ 18339 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

ആകെ അധികം നൽകിയത് - 31747 ( 13408 + 18339)

അളവു പുസ്തകത്തിലെ സംക്ഷിപ്തം, അവസാന ബിൽ എന്നിവ തയ്യാറാക്കിയതിലെ അപാകത കാരണമാണ് ടെണ്ടർ വ്യതിയാനം കുറവു ചെയ്യുവാൻ വിട്ടുപോയതെന്ന് ബോധ്യപ്പെട്ടു.

ബില്ലുകൾ തയ്യാറാക്കി ട്രഷറിയിലേക്ക് നൽകുന്നതിനു മുമ്പായി കൃത്യത പരിശോധിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 2/13-11-2018, 3/14-11-2018 എന്നിവയ്ക്കുള്ള മറുപടിയിൽ ശ്രദ്ധക്കുറവു കൊണ്ടാണ് അപാകതകൾ ഉണ്ടായതെന്നും കരാറുകാർക്ക് അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-6 കരാറുകാരുടെ ആവശ്യാനുസരണം പഞ്ചായത്ത് ടാർ വാങ്ങിയെങ്കിലും ഗ്രാമപഞ്ചായത്തിൽ നിന്നും ടാർ ഏറ്റെടുക്കുന്നതിൽ കാലതാമസം

2016-17 വർഷത്തിൽ എഗ്രിമെന്റ് വെച്ച 13 പ്രവൃത്തികളുടേയും 2017-18 വർഷത്തിൽ എഗ്രിമെന്റ് വെച്ച 11 പ്രവൃത്തികളുടേയും കരാറുകാർ പ്രവൃത്തികൾക്കാവശ്യമായ ടാർ ഗ്രാമപഞ്ചായത്ത് നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് ബഹു. ഹൈക്കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ (WP(C)No.39438/2017(D)) കരാറുകാരുടെ അപേക്ഷ പരിഗണിക്കുവാൻ ഹൈക്കോടതി, സെക്രട്ടറിയോട് നിർദ്ദേശിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 24 പ്രവൃത്തികൾക്ക് ആവശ്യമായ ടാർ സിഡ്കോ യിൽ നിന്നും ഗ്രാമപഞ്ചായത്ത് വാങ്ങുകയും ചെയ്തു.

തുക അനുവദിച്ചതിന്റെ വിവരം

24 ബില്ലുകൾ പ്രകാരം ട്രഷറിയിൽ നിന്നും 3030794 രൂപ പിൻവലിച്ച് സിഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ 56133 രൂപ തനത് ഫണ്ടിൽ നിന്നും ബിൽ നം.

133/10-5-2018 പ്രകാരവും അനുവദിച്ചിട്ടുണ്ട്. സിഡ്കോയ്ക്ക് ആകെ അനുവദിച്ച തുക 3086927 രൂപയാണ്.

സിഡ്കോയിൽ നിന്നും ലഭ്യമായതും വിതരണം ചെയ്തതുമായ ടാറിന്റെ വിവരം

16-5-2018, 17-5-2018, 18-5-2018 തിയതികളിലെ 7 ഇൻവോയ്സുകൾ പ്രകാരം ലഭ്യമായ ടാറിന്റേയും വിവരം താഴെ ചേർക്കുന്നു.

| ബാരൽ | എസ്.എസ്.1 | ആർ.എസ്.1 | വി.ജി.30 |
|---|---|---|---|
| ലഭ്യമായത് | 65 | 32 | 316 |
| നൽകിയത് | 18.01 | 7.49 | 76.17 |
| ബാക്കി | 46.99 | 24.51 | 239.83 |

കരാറുകാരുടെ ആവശ്യാനുസരണം ടാർ വാങ്ങി പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ 6 പ്രവൃത്തികൾക്കാവശ്യമായ ടാർ മാത്രമാണ് ഗ്രാമപഞ്ചായത്തിൽ നിന്നും കൈപ്പറ്റിയിട്ടുള്ളതെന്ന് അസി.എഞ്ചിനിയർ തയ്യാറാക്കി സമർപ്പിച്ച പത്രികയിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. 18 പ്രവൃത്തികളുടെ കരാറുകാർ നാളിതുവരെ ടാർ കൈപ്പറ്റി പ്രവൃത്തി ആരംഭിച്ചിട്ടില്ല.

സിഡ്കോയുടെ കൈവശമുള്ള അധികതുക തിരികെ ഈടാക്കേണ്ടതാണ്

സിഡ്കോയ്ക്ക് ആകെ അനുവദിച്ച തുക 3086927 രൂപയാണ്. 7 ഇൻവോയ്സുകൾ പ്രകാരം ടാറിന്റെ യഥാർത്ഥ വില 3046990 രൂപയാണ്. അധികമായി നൽകിയ 39937 രൂപ സിഡ്കോയുടെ കൈവശം അവശേഷിക്കുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. എല്ലാ കരാറുകാരോടും ടാർ കൈപ്പറ്റി അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിക്കുവാൻ ആവശ്യപ്പെടേണ്ടതാണ്. പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കുവാനായി അവസാന തിയതി നിശ്ചയിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് വെക്കേണ്ടതും ആയതിനുശേഷം പിഴ ഈടാക്കി മാത്രം കാലാവധി ദീർഘിപ്പിച്ചു നൽകേണ്ടതുമാണ്.
2. പ്രവൃത്തി പൂർത്തീകരണത്തിൽ വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ എഗ്രിമെന്റ് വ്യവസ്ഥകൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കേണ്ടതും മറ്റ് രീതിയിൽ പ്രവൃത്തികൾ ഈ വർഷം തന്നെ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.
3. സിഡ്കോയുടെ കൈവശം അവശേഷിക്കുന്ന 39937 രൂപ തിരികെ ഈടാക്കി

പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

4. ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 9എ/15-11-2018 ന് തൃപ്തികരമായി വിശദീകരണം ലഭ്യമായിട്ടില്ല.

ഈ വിഷയത്തിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-7 പെരുമ്പാറചള്ള അങ്കണവാടി കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാക്കിയപ്പോൾ ആവശ്യമായ എല്ലാ ഘടകങ്ങളും ഉൾപ്പെട്ടുത്തിയില്ല

കെട്ടിട നിർമ്മാണം നടത്തുമ്പോൾ ആവശ്യമായ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങള് താഴെ ചേർക്കുന്നു.

പെരുമ്പാറചള്ള എന്ന സ്ഥലത്ത് പഴയ അങ്കണവാടി കെട്ടിടം പൊളിച്ച് കളഞ്ഞ് പുതിയ കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ഇതേ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ എന്ന പേരിൽ 2017-18 വർഷത്തിൽ മറ്റൊരു പ്രൊജക്റ്റ് ആവിഷ്കരിക്കുകയും യാർഡ്, കോമ്പൗണ്ട് വാൾ, ട്രസ് വർക്ക് എന്നിവ അധികമായി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് പ്രൊജക്റ്റുകളുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. 126/18-പെരുമ്പാറചള്ള അങ്കണവാടി നിർമ്മാണം

അടങ്കൽ: 1150000 (ലോക ബാങ്ക് സഹായം)

കരാറുകാരൻ :ശിവൻ.ആർ

എഗ്രിമെന്റ് : 53/13-2-2017

ചെലവ്

ബിൽ നം.12/16-17 /29-3-17 : 734272(18277 റീടെൻഷൻ കുറവു ചെയ്ത്)

ബിൽ നം. 21/2-9-2017 : 297096 (18277 റീടെൻഷൻ ഉൾപ്പെടെ)

പൂർത്തീകരിച്ച തിയതി : 29-6-2017

പ്രവൃത്തി മൂല്യം : 278269 (219890+58379)

അളവു പുസ്തകം നം. 110/16-17, 123/16-17

2. 162/18-പെരുമ്പാറചള്ള അങ്കണവാടി ചുറ്റുമതിൽ

അടങ്കൽ: 500000 (മെയ്ന്റനൻസ് ഗ്രാന്റ്-റോഡിതരം)

കരാറുകാരൻ : കെ.ജഗന്നാഥൻ

എഗ്രിമെന്റ് : 11/16-11-2017

ചെലവ്

ബിൽ നം. 61/8-3-2018 : 368502 (പാർട്ട് ബിൽ)

പൂർത്തീകരിച്ച തിയതി : 15-2-2018

അളവു പുസ്തകം നം. 44/17-18, 122/17-18

പഴയ സാമഗ്രികൾ ലേലം ചെയ്യേണ്ടതാണ്

പഴയ അങ്കണവാടി കെട്ടിടം പൊളിച്ച കളഞ്ഞതിനുശേഷം ലഭ്യമായ കല്ല് പുതിയ നിർമ്മിതിയിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഉപയോഗിക്കുവാൻ സാധിക്കാത്ത മരം0.867 $m^3$ ആണെന്ന് എം.ബുക്ക് പേജ് നം. 2 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് ഉപയോഗിക്കുവാൻ സാധിക്കുകയില്ലെന്നും ഫയർവുഡ് ആയി കണക്കാക്കി കയ്യൊഴിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 15/16-11-2018 നുള്ള മറുപടിയിൽ അസി.എഞ്ചിനിയർ വ്യക്തമാക്കിയിട്ടുണ്ട്.

മരത്തിന്റെ മൂല്യം താഴെ ചേർക്കുന്നു.

0.867x850 = 736.95 Kg

736.95x715 = 5269.55=5270 രൂപ.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കെട്ടിട നിർമ്മാണത്തിന്റെ കാര്യത്തിൽ ആവശ്യമായ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കുവാനും ഫണ്ടിന്റെ ലഭ്യതക്കുറവുണ്ടെങ്കിൽ ബഹു വർഷ പ്രൊജക്ടായി അംഗീകാരം ലഭ്യമാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

2. ഉപയോഗശൂന്യമായ മരം കയ്യൊഴിച്ച് തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-8 വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള സർവ്വീസ് ടാക്സ് കേന്ദ്ര സർക്കാരിലേക്ക് ഒടുക്കിയില്ല

വിവിധ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സർവ്വീസ് ടാക്സ് നിയമാനുസൃതം കേന്ദ്ര സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന്റെ ഭാഗമായി ഫയലുകൾ പരിശോധിച്ചപ്പോൾ രണ്ട് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്നും കുറവു ചെയ്ത സർവ്വീസ് ടാക്സ് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുയാണെന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. പ്രൊ.നം. 129/18 - പഞ്ചായത്ത് ഓഫീസ് കെട്ടിടം രണ്ടാം നില പൂർത്തീകരണം

അടങ്കൽ : 786241(ലോക ബാങ്ക് സഹായം)

കരാറുകാരൻ : ശ്രീ.മുത്തുകുമാർ.എൻ

എഗ്രിമെന്റ് നം. 64/7-3-2017

ടെണ്ടർ തുക : 681316

അളവു പുസ്തകം നം. 98/16-17

ചെലവ് :742477 (ബിൽ നം. 28/23-09-17)

കരാറുകാരൻ നേരിട്ട് ഒടുക്കേണ്ടിയിരുന്ന സർവ്വീസ് ടാക്സ് തുക 42027 രൂപ അവസാന ബില്ലിൽ നിന്നും കുറവു ചെയ്ത് 27-9-2017 ന് പഞ്ചായത്തിന്റെ STSB അക്കൗണ്ടിൽ തുക വരവു വെച്ചിട്ടുണ്ട്.

<u>2. പ്രൊ.നം. 133/18 – മാർക്കറ്റ് ബിൽഡിംഗ് നിർമ്മാണം</u>

അടങ്കൽ : 1490000(ലോക ബാങ്ക് സഹായം)

കരാറുകാരൻ : ശ്രീ.കെ.കരുണാകരൻ

എഗ്രിമെന്റ് നം. 52/10-2-2017

അളവു പുസ്തകം നം. 91/16-17

<u>ചെലവ്</u>

പാർട്ട് ബിൽ നം. 20/31-03-17 :730376 രൂപ

അവസാന ബിൽ നം. 25/23-9-2017 : 583658 രൂപ

ആകെ ചെലവ് : 1333148

കരാറുകാരൻ നേരിട്ട് ഒടുക്കേണ്ടിയിരുന്ന സർവ്വീസ് ടാക്സ് തുക 75440 രൂപ അവസാന ബില്ലിൽ നിന്നും കുറവു ചെയ്ത് 27-9-2017 ന് പഞ്ചായത്തിന്റെ STSB അക്കൗണ്ടിൽ തുക വരവു വെച്ചിട്ടുണ്ട്.

തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള സർവ്വീസ് ടാക്സ് 117467 രൂപ ( 42027+ 75440) നാളിതുവരെ കേന്ദ്ര സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം. 8/15-11-2018 നുള്ള മറുപടിയിൽ തുക ഒടുക്കുന്നതു സംബന്ധിച്ച് വ്യക്തമായ ഉത്തരവുകൾ ഉണ്ടാകാതിരുന്നതിനാലാണ് തനത് ഫണ്ടിൽ തുക നിക്ഷേപിച്ചതെന്ന് അസി. എഞ്ചിനിയർ മറുപടി നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിലേക്ക് തുക ഒടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-9 ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

1994ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ അനുബന്ധം III അനുസരിച്ചുള്ള പട്ടികയിലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ കാര്യക്ഷമത, വൈദ്യുതി ചാർജ്ജിനത്തിലും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. തെരുവുവിളക്കുകളുടെ എണ്ണവും വൈദ്യുതി ചാർജ്ജും

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള രജിസ്റ്റർ പ്രകാരം 264സി.എഫ് ലാമ്പുകളും, 583 ഡബിൾ ട്യൂബുകളും, 431 ഓർഡിനറി ബൾബുകളും, 91സോഡിയം വേപ്പർ ലാമ്പുകളും നിലവിലുണ്ട്. കൊഴിഞ്ഞാമ്പാറ ഇലക്ട്രിക് സെക്ഷനു കീഴിൽ 50 മീറ്ററുകളും വേലാന്താവളം ഡിവിഷനു കീഴിൽ 28 മീറ്ററുകളും സ്ഥാപിച്ചിട്ടുണ്ട്. എല്ലാ ലാമ്പുകളും മീറ്ററിനു കീഴീൽ കൊണ്ടു വന്നിട്ടില്ല. എത്ര ലാമ്പുകൾ മീറ്ററിനു കീഴിൽ കൊണ്ടു വരാനുണ്ടെന്നതിന് കണക്കില്ല.

വൈദ്യുതി ചാർജ്ജിനത്തിൽ ശരാശരി 130000 രൂപ പ്രതിമാസം ഒടുക്കുന്നുണ്ട്. ആയതിൽ മീറ്ററിന് കീഴിലല്ലാത്ത ലാമ്പുകൾക്ക് 65000 രൂപയോളം പ്രതിമാസം ഒടുക്കുന്നുണ്ട്. നിലവിലില്ലാത്ത ലാമ്പുകൾക്ക് ചാർജ്ജ് ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കിയിട്ടില്ല.

കൂടുതൽ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ബി. തെരുവു വിളക്കുകളുടെ പരിപാലനച്ചെലവ്

അറ്റകുറ്റപ്പണികൾക്കുള്ള തെരുവു വിളക്കുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനായി തൻവർഷം 1569799 രൂപ ചെലവഴിച്ചിട്ടുണ്ട്. വാർഷിക അറ്റകുറ്റപ്പണികൾക്കായി 385700 രൂപയും ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | ചെലവഴിച്ച തുക |
|---|---|

| | |
|---|---|
| 181/18- തെരുവ് വിളക്കുകളുടെ മെയിന്റനൻസിന് ആവശ്യമായ സാധനസാമഗ്രികൾ വാങ്ങൽ | 550399 |
| 78/18- സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് | 175200 |
| 176/18-തെരുവ് വിളക്ക്- LED ലൈറ്റ് സ്ഥാപിക്കൽ | 989300 |
| 155/18-തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണികൾ | 240600 |
| ആകെ | 1955499 |

ലാമ്പുകളുടെ കൃത്യമായ കണക്കുകൾ ഇല്ലാതെയാണ് അറ്റകുറ്റപ്പണികൾക്കുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കുന്നത്. ആയതിനാൽ ആവശ്യത്തിലധികം സാധന സാമഗ്രികൾ സമാഹരിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്.

സി. ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ

കേന്ദ്ര ഫണ്ടിൽ നിന്നും 100000 രൂപ വകയിരുത്തി തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും, ആയത് പൂർത്തീകരിച്ചിട്ടില്ല. 989300 രൂപ ചെലവഴിച്ച് എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിച്ചിട്ടുണ്ട്.

ഡി. വസ്തു നികുതി സർചാർജ്ജ്

2011 ലെ കേരള പഞ്ചായത്ത്(വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപപ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകൾ, ഡ്രൈനേജ് എന്നീ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത് തെരുവുവിളക്കുകളുടെ സർചാർജ്ജിനത്തിൽ വസ്തു നികുതിയുടെ 2% രൂപ നികുതിദായകരിൽ നിന്നും ഈടാക്കി വരുന്നുണ്ട്.

ഇ. ഓഡിറ്റ് നിർദ്ദേശം

- ഗ്രാമപഞ്ചായത്തിലെ എല്ലാ ലാമ്പുകളും മീറ്ററിനു കീഴിൽ ആക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.
- വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് ആയതിനനുസരിച്ച് അറ്റകുറ്റപ്പണികൾക്കുള്ള തുക വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

- ആവശ്യത്തിലധികം ലാമ്പുകൾ വാങ്ങി സൂക്ഷിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

- എൽ.ഇ.ഡി ലാമ്പുകൾക്ക് ശരാശരി 50000 മണിക്കൂർ ആയുസ്സ് ഉള്ളതിനാൽ 10 വർഷത്തിൽ അധികം നിലനിൽക്കുന്നതാണ്. ആയതിനാൽ നിലവിലുള്ള ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾക്ക് പകരം ഘട്ടം ഘട്ടമായി എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

- തെരുവ് വിളക്കുകളുടെ രജിസ്റ്റർ പൂർണ്ണമല്ല. തെരുവു വിളക്കുകളുടെ പരിപാലനത്തിനായി പഞ്ചായത്ത് ഡയറക്ടർ 17-8-2015 ന് പുറപ്പെടുവിച്ചിട്ടുള്ള ജി2-44274/2015 നം. ഉത്തരവിൽ കൊടുത്തിട്ടുള്ള മാതൃകയിൽ തെരുവു വിളക്ക് മെയ്ന്റനൻസ് രജിസ്റ്റർ സൂക്ഷിക്കാവുന്നതാണ്.

- തെരുവു വിളക്കുകൾക്കായി ഗ്രാമപഞ്ചായത്ത് സേവന ഉപനികുതി ഈടാക്കുന്നതിനാൽ പൊതുജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെട്ടതാണെന്ന് ഉറപ്പാക്കേണ്ടതാണ്.

- മീറ്ററിനു കീഴിലല്ലാത്ത ലാമ്പുകളുടെ കൃത്യമായ കണക്ക് വൈദ്യുതി ബോർഡിൽ നിന്നും ലഭ്യമാക്കി അധിക വൈദ്യുതി ചാർജ്ജ് അടവാക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 11/16-11-2018 നുള്ള മറുപടിയിലും 22-11-2018 ലെ എക്സിറ്റ് മീറ്റിംഗിലും തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കുന്നതിനുള്ള തുടർ പദ്ധതികൾ ആവിഷ്കരിക്കുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 കെ.എസ്.ഇ.ബി ക്ക് നൽകിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല

മറ്റ് സ്ഥാപനങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി കൈമാറുന്ന തുകകൾ യഥാസമയം വിനിയോഗിച്ച് പദ്ധതികൾ പൂർത്തീകരിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ ലക്ഷ്യമിടുകയും ആയതിന്റെ ഭാഗമായി തൻവർഷത്തെ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ രേഖകൾ പരിശോധിക്കുകയും ചെയ്തു.

വൈദ്യുതി ബോർഡുമായും വാട്ടർ അതോറിറ്റിയുമായും കരാർ ഒപ്പുവെച്ച് തുക കൈമാറിയിട്ടുണ്ടെങ്കിലും പൂർത്തീകരണം ഉറപ്പാക്കിയിട്ടില്ല. വിശദാംശങ്ങൾതാഴെ

ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക |
|---|---|---|---|
| കെ.എസ്.ഇ. ബി കൊഴിഞ്ഞാമ്പാറ | 44/18-വൈദ്യുതി ലൈൻ വലിക്കൽ | 24/30-12-2017<br>7/19-9-2017 | 920425<br>7481 |
| | 180/18-വൈദ്യുതി ലൈൻ വലിക്കൽ | 22/30-12-2017<br>23/30-12-2017 | 321800<br>389010 |
| | 187/18-എസ്.ടി കോളനികളിൽ വൈദ്യുതി ലൈൻ വലിക്കൽ | 42/28-3-2018 | 522024 |
| കെ.എസ്.ഇ. ബി നാട്ടുകൽ | 168/18- മണിമുത്തുനഗർ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 11/31-10-17 | 45741 |
| കേരള വാട്ടർ അതോറിറ്റി | 157/18- ബൾക്ക് മീറ്റർ സ്ഥാപിക്കൽ | ഡി.ഡി.നം. 2787283/ 31-3-18 | 67500 |

ഓഡിറ്റ് നിർദ്ദേശങ്ങൾ

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ രേഖകളും തുകയുടെ വിനിയോഗ സാക്ഷ്യപത്രങ്ങളും ലഭ്യമാക്കേണ്ടതാണ്. പൂർത്തീകരണം ഉറപ്പാക്കി ബാക്കി തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നമ്പർ 22/19-11-2018.

# 3-11 തെരുവ് വിളക്ക് LED ലൈറ്റ് സ്ഥാപിക്കൽ - വാങ്ങൽ നടപടികളിൽ അപാകതകൾ

വാങ്ങലുകൾ ഉൾപ്പെടുന്ന പദ്ധതികളുടെ ആസൂത്രണവും നിർവ്വഹണവും സ.ഉ.(പി)നം.259/2010/ത.സ്വ.ഭ.വ തിയതി 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ അനുസരിച്ചാണോ നടന്നിട്ടുള്ളത് എന്ന് പരിശോധിക്കുവാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പരിശോധനയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോ. നം. 176/18-തെരുവ് വിളക്ക് LED ലൈറ്റ് സ്ഥാപിക്കൽ

അടങ്കൽ 1000000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് – 989300 രൂപ

നിർവ്വഹണം- സെക്രട്ടറി

<u>ലാമ്പുകളുടെ സ്പെസിഫിക്കേഷനുകളും തുകയും പ്രൊജക്ടിൽ ഉൾപ്പെടുത്തിയില്ല- ആസൂത്രണത്തിൽ പാളിച്ച</u>

ഡി.പി.സി അംഗീകരിച്ച പ്രൊജക്ട് പ്രകാരം 10 ലക്ഷം രൂപയുടെ LED സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വാങ്ങുവാൻ ലക്ഷ്യമിട്ട ലൈറ്റുകളുടെ വാട്ട്, എണ്ണം എന്നിവ പ്രോജക്ടിൽ വ്യക്തമാക്കിയിട്ടില്ല.

പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരമുള്ള സമാഹരണ പദ്ധതിയിലെ നിബന്ധനകൾ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമം അനുസരിച്ച് സമാഹരണം ആരംഭിക്കേണ്ടതാണെന്ന് നിർദേശിച്ചിട്ടുണ്ട്.
വാങ്ങുവാൻ ലക്ഷ്യമിട്ട ലാമ്പുകളുടെ സ്പെസിഫിക്കേഷൻ, ഓരോ ഇനത്തിനും നീക്കിവെച്ച തുക, എണ്ണം എന്നിവ മുൻകൂട്ടി നിശ്ചയിക്കാതിരുന്നത് ആസൂത്രണത്തിലെ പാളിച്ചയായി വിലയിരുത്തുന്നു.

<u>നിർവ്വഹണത്തിലെ അപാകതകൾ</u>
<u>എ. സ്പെസിഫിക്കേഷനുകളിൽ അവ്യക്തത</u>
24W LED, 36 W LED എന്നീ ലാമ്പുകളാണ് വാങ്ങിയിട്ടുള്ളത്. ടെണ്ടർ നോട്ടീസിൽ ആവശ്യമായ 24W LED സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണമോ 36 W LED സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണമോ ഓരോ ഇനത്തിനും നീക്കി വെച്ചിട്ടുള്ള തുകയോ വ്യക്തമാക്കിയിട്ടില്ല. ടെണ്ടർ സ്പെസിഫിക്കേഷനിൽ വാങ്ങാൻ ഉദ്ദേശിച്ച ഇനം 24W/36 W AC LED സ്ട്രീറ്റ് ലൈറ്റുകൾ എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്പെസിഫിക്കേഷൻ പൂർണ്ണമല്ല. ഓരോ ഇനത്തിലും എത്ര എണ്ണം വാങ്ങാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് എന്ന് വ്യക്തമാക്കിയിട്ടില്ല. ടെണ്ടർ അംഗീകരിച്ച് 28-3-2018 ൽ നൽകിയ സപ്ലൈ ഓർഡർ (നം. എ-7/12182/2018) പ്രകാരം വാങ്ങാനുദ്ദേശിച്ച ലാമ്പുകളുടെ എണ്ണം താഴെ കൊടുക്കുന്നു.

| ഇനം | എണ്ണം |
|---|---|
| 24W/AC LED സ്ട്രീറ്റ് ലൈറ്റുകൾ | 120 |
| 36 W AC LED സ്ട്രീറ്റ് ലൈറ്റുകൾ | 386 |

<u>ബി. ലഭിച്ച ടെണ്ടറുകളിൽ മത്സരാധിഷ്ഠിത നിരക്കുകൾ തമ്മിൽ താരതമ്യം ചെയ്തിട്ടില്ല</u>

പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ സമാഹരണ പദ്ധതിയിലെ നിബന്ധന പ്രകാരം മത്സരാധിഷ്ഠിത നിരക്കുകൾ താരതമ്യം ചെയ്തതിനുശേഷം വാർഷിക പദ്ധതിക്ക് പരമാവധി നേട്ടമുണ്ടാക്കുന്ന തരത്തിൽ വാങ്ങൽ നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കാൻ ഇ-ടെണ്ടർ ക്ഷണിക്കുകയും 7 സ്ഥാപനങ്ങൾ പങ്കെടുക്കുകയുമുണ്ടായി. എല്ലാ സ്ഥപനങ്ങളും ഓരോ ഇനത്തിലെ വില സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ഇനം തിരിച്ച് താരതമ്യം ചെയ്യാതെ ഒറ്റ ഇനമായെടുത്ത് അതിൽ ഏറ്റവും കുറവ് ക്വോട്ട് ചെയ്ത Sinelab technologies എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്.

താഴ്ന്ന നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനങ്ങളുടെ താരതമ്യ പട്ടിക താഴെ കൊടുക്കുന്നു.

| സ്ഥാപനം | 24W LED സ്ട്രീറ്റ് ലൈറ്റിന്റെ വില | 36W LED സ്ട്രീറ്റ് ലൈറ്റിന്റെ വില | ആകെ |
|---|---|---|---|
| Sine lab technologies Pvt ltd | 1650 | 2050 | 3700 |
| അലുമിനാ ഇലക്ട്രിക്കൽസ് | 1725 | 2000 | 3725 |

അലുമിനാ ഇലക്ട്രിക്കൽസ് എന്ന സ്ഥാപനം 36W ലാമ്പിനത്തിൽ ടെണ്ടർ അംഗീകരിച്ച Sine lab technologies ക്വോട്ട് ചെയ്ത തുകയിലും 50 രൂപ കുറവായിട്ടാണ് ക്വോട്ട് ചെയ്തിട്ടുണ്ട്. ടെണ്ടർ നോട്ടീസിൽ രണ്ട് ഇനങ്ങളും വേറിട്ട് കാണിച്ചിരുന്നുവെങ്കിൽ 19300 രൂപയുടെ (50*386=19300) ലാഭം ഉണ്ടാകുമായിരുന്നു എന്ന് വിലയിരുത്തുന്നു.

നടപടിക്രമങ്ങളിൽ ഉണ്ടായ പാളിച്ചകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് 22/19-11-2018 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.

ഡി. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പദ്ധതി ആസൂത്രണത്തിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ സമാഹരണ നിബന്ധനകൾ കർശ്ശനമായി പാലിക്കേണ്ടതാണ്. സ്പെസിഫിക്കേഷനുകൾ പൂർണ്ണവും അവ്യക്തത ഇല്ലാത്തതുമായിരിക്കേണ്ടതാണ്. പരമാവധി സാമ്പത്തിക നേട്ടം ഉറപ്പാക്കുന്ന വിധത്തിൽ നിരക്കുകൾ താരതമ്യം ചെയ്യേണ്ടതും ആയതിനനുസരിച്ച് വാങ്ങൽ നടത്തേണ്ടതുമാണ്.

2. വാങ്ങിയ 506 എൽ ഇ ഡി ലാമ്പുകൾക്കും 3 വർഷം വാറണ്ടിയുള്ളതിനാൽ ലാമ്പുകൾ ഇൻസ്റ്റാൾ ചെയ്ത സ്ട്രീറ്റ് ലൈറ്റ് പോസ്റ്റുകളുടെ വിവരം, ഇൻസ്റ്റാൾ ചെയ്ത തീയതി, ചെയ്യുന്ന വാർഡ് എന്നീ വിവരം ഉൾപ്പെടുത്തി ഒരു രജിസ്റ്റർ എഴുതി

സൂക്ഷിക്കേണ്ടതാണ്.

3. എൽ ഇഡി ലാമ്പുകളുടെ വാറണ്ടി സർട്ടിഫിക്കറ്റ് കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

4. വാറണ്ടി കാലാവധി തീരുന്നത് വരെ LED ലാമ്പുകളുടെ അറ്റകുറ്റപണി വാർഷിക അറ്റകുറ്റപണിയിൽ ഉൾപ്പെടുത്തി നിർവ്വഹിക്കാതെ Sine lab technologies സ്ഥാപനത്തിന്റെ ഉത്തരവാദിത്തത്തിൽ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

# 3-12 അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്

എ. ഭൗതിക സാഹചര്യം

ഗ്രമപഞ്ചായത്തിൽ ആകെ 28 അങ്കണവാടികളാണുള്ളത്. ഇതിൽ 3 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 3 അങ്കണവാടികൾ വൈദ്യുതീകരിച്ചിട്ടില്ല. 28 അങ്കണവാടികളിൽ ടോയ്‌ലെറ്റ് സൗകര്യം ഉണ്ടെങ്കിലും അവയൊന്നും ബേബി ഫ്രണ്ട്‌ലി അല്ല. 14അങ്കണവാടികളിൽ കുടിവെള്ള സൗകര്യം ഇല്ല. അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള 23-5-2017ലെ പഞ്ചായത്ത് ഡയറക്ടറുടെ എ-1/10034/16 സർക്കുലറിൽ ആരോഗ്യ മേഖലയിൽ നിരവധി സഹായങ്ങളും പ്രതിരോധ ചികിത്സകളും ലഭിക്കുന്ന അങ്കണവാടികളെ അവഗണിച്ച് സാധാരണ ജനങ്ങൾപോലും കൂണുപോലെ മുളച്ച് പൊങ്ങുന്ന ഇംഗ്ലീഷ് മീഡിയം പ്ലേ സ്കൂളുകളിലേക്ക് ആകർഷിക്കപ്പെടുന്നതിനുള്ള പ്രവണത തടയുന്നതിന് ആവശ്യമായ മുൻകരുതലുകൾ എടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പുതിയ കെട്ടിടങ്ങൾ തയ്യാറാക്കുമ്പോൾ ആയതിന് പ്ലാൻ തയ്യറാക്കുന്ന എഞ്ചിനീയറിംഗ് വിഭാഗം അങ്കണവാടികൾക്ക് അനിവാര്യമായ കുടിവെള്ള പൈപ്പ്, ഇലക്ട്രിക് വയറിംഗ്, ടോയ്‌ലെറ്റ് എന്നിവകൂടി പ്ലാനിൽ ഉൾപ്പെടുത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഫണ്ട് ലഭ്യമായിട്ടും ആയത് ഉപയോഗിച്ച് കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. അങ്കണവാടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് മുൻഗണന കൊടുക്കുന്നതിന് പകരം ഉള്ള അങ്കണവാടികളുടെ ഗുണനിലവാരവും കാര്യക്ഷമതയും ഉയർത്തുന്നതിന് വേണ്ട നടപടികൾ ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. ഭൗതിക സാഹചര്യം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. പോഷകാഹാര പരിപാടിയുടെ കേന്ദ്രസഹായം സമയബന്ധിതമായി ചെലവഴിക്കുന്നില്ല

പൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്രവിഹിതമായി ബ്ലോക്ക് പഞ്ചായത്ത്

മുഖേന ലഭിച്ച തുകയിൽ 2758095/- രൂപ ചെലവഴിക്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ടെന്ന് പരിശോധനയിൽ കണ്ടെത്തി.

സബ് ട്രഷറി ചിറ്റൂർ-അക്കൗണ്ട് നമ്പർ-STSB-5. നീക്കിയിരിപ്പിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 2165177 |
| വരവ് | 988670 |
| ആകെ | 3153847 |
| ചെലവ് | 395752 |
| നീക്കിയിരിപ്പ് | 2758095 |

സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭ.വ തിയതി 3-9-2010 പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>3. ടി.എച്ച്.ആർ.എസ് ഭക്ഷ്യമിശ്രിതം - ലാബ് റിപ്പോർട്ട് ലഭ്യമായില്ല</u>

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി തൻവർഷം ഒരു പോഷകാഹാര പരിപാടി മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. പോഷകാഹാരപരിപാടിക്കായി തൻവർഷം വികസനഫണ്ടിൽ നിന്നും 2798961/- രൂപയും കേന്ദ്രഫണ്ട് ഇനത്തിൽ 395752/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങുന്ന ഭക്ഷ്യമിശ്രിതം ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷൻെറയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുവാനും ഐ.സി.ഡി.എസ്.ബി.3-312/2010 തിയ്യതി 5.6.2010, 1.2.2010 തിയ്യതികളിലെ കത്തുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്.

ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കേണ്ടത് പ്രധാനപ്പെട്ടതാകയാൽ റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4. ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്ത കെട്ടിടത്തിൽ അങ്കണവാടി പ്രവർത്തിക്കുന്നു

കരംപൊറ്റ (സെന്റർ നം.41) എന്ന അങ്കണവാടിക്ക് നാളിതുവരെ ഫിറ്റനസ്സ് സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ല. പഞ്ചായത്തിലെ എഞ്ചിനിയറുടെ 2017-18 വർഷത്തെ ഫിറ്റനസ് സർട്ടിഫിക്കറ്റ് പ്രകാരം ടി അങ്കണവാടി അപകടകരമായ അവസ്ഥയിലാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളുടേയും സുരക്ഷിതത്വം ഉറപ്പാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി സർക്കുലർ നം.31055/ഡി.സി.2/2011തസ്വഭവ 22.3.2011പ്രകാരം സർക്കാർ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് :

1. എല്ലാ വർഷവും മെയ് 10 നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ /ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റനസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.

2. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ല. മതിയായ സുരക്ഷിതത്വം ഇല്ലാത്ത കെട്ടിടങ്ങളിലാണ് ഇവ പ്രവർത്തിക്കുന്നതെങ്കിൽ തദ്ദേശഭരണ സ്ഥാപനം/ കെട്ടിട ഉടമ സുരക്ഷിതത്വം ഉറപ്പാക്കേണ്ടതാണ്.

3. സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എഞ്ചിനീയർ/ഓവർസീയർ എന്നിവരുടെ ഒരു യോഗം വിളിച്ച് ചേർത്ത് സ്ഥിതി വിലയിരുത്തി സമയബന്ധിതമായി ആക്ഷൻ പ്ലാൻ തയ്യാറാക്കി മെയ് 10 നകം എല്ലാ അങ്കണവാടികൾക്കും ഫിറ്റനസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.17/16.11.18)

ഓഡിറ്റ് നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-13 ODF- പ്രൊജക്റ്റ് ആവിഷ്ക്കരിക്കാതെ തുക അനുവദിക്കുന്നതിനാൽ ചെലവ് അക്കൗണ്ട്

ചെയ്യപ്പെട്ടുന്നില്ല

നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ-സർക്കിൾ-II

വി.ഇ.ഒ യുടെ എസ്.ബി.ഐ, കൊഴിഞ്ഞാമ്പാറ ശാഖയിലുള്ള ബാങ്ക് പാസ്ബുക്ക് (അക്കൗണ്ട് നം. 67027290204) പരിശോധിച്ചതിൽ 14 പണമിടപാടുകളിലായി 13 ഗുണഭോക്താക്കൾക്ക് ODF ധനസഹായമിനത്തിൽ 107800/- രൂപ വിവിധ ചെക്കുകൾ പ്രകാരം തൻവർഷം വിതരണം ചെയ്തിട്ടുള്ളതായി കണ്ടെത്തി. തൻവർഷം കക്കൂസ് നിർമ്മാണത്തിനായി പ്രൊജക്ടുകളൊന്നും തന്നെ ആവിഷ്കരിച്ചിട്ടില്ല. ചെലവ്, പഞ്ചായത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുമില്ല. 2016-17 വർഷത്തിൽ നിർവ്വഹണോദ്യോഗസ്ഥന് തുക മുൻകൂറായി നല്കുമ്പോൾ ADVANCE എന്ന ഹെഡിൽ ൽ ചെലവ് രേഖപ്പെടുത്തേണ്ടതായിരുന്നു. പക്ഷെ ADVANCE എന്നതിനുപകരം ചെലവ് രേഖപ്പെടുത്തുകയും തുക നിർവ്വഹണോദ്യോഗസ്ഥൻെറ അക്കൗണ്ടിൽ അവശേഷിക്കുകയും ചെയ്തു. കണ്ടിൻജന്റ് ചെലവുകൾക്ക് തുക പിൻവലിച്ച് ചെലവഴിക്കുന്ന രീതിയിൽ പദ്ധതിപ്പണം വിവിധ ചെക്ക് പ്രകാരം പിൻവലിച്ച് ഗുണഭോക്താക്കൾക്ക് നല്കിയ നടപടി ക്രമപ്രകാരമല്ല.

ജി.ഒ(എം.എസ്)93/2013/ത.സ്വ.ഭ.വ. 15.3.2013 പ്രകാരം സബ്സിഡി തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്കാണ് കൈമാറേണ്ടത്. ഉത്തരവിന് വിരുദ്ധമായി നിർവ്വഹണോദ്യോഗസ്ഥയായ വി.ഇ.ഒ വിവിധ ചെക്കുകൾ പ്രകാരമാണ് തുക വിതരണം ചെയ്തിരിക്കുന്നത്. RTGS ആയി തുകകൾ നല്കുമ്പോൾ ബാങ്കുകളിലെ തിരക്കുകൾ കാരണം പലപ്പോഴും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പണം ലഭിക്കുവാൻ കാലതാമസം നേരിടാറുണ്ടെന്നും കൂടാതെ ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ തുക ക്രഡിറ്റ് ആകാതെ നിർവ്വഹണോദ്യേഗസ്ഥയുടെ അക്കൗണ്ടിലേക്ക് തിരികെ വരാറുണ്ടെന്നും വി.ഇ.ഒ മറുപടി നൽകിയിട്ടുണ്ട്. ആയത് അംഗീകരിക്കുന്നില്ല. മാത്രമല്ല ധനാഗമം/ധനവിനിയോഗം ഉത്തരവ് ജി.ഒ(പി)177/2006/ധനം 12.4.2006, ജി.ഒ.(പി) 119/2015/ധനം 21.3.2015 ഖണ്ഡിക 8.3 എന്നിവ പ്രകാരം ഓരോ മാസവും അവസാനം വിതരണം ചെയ്യാനാകാതെ 30 ദിവസത്തിലധികമായി സൂക്ഷിച്ചിരിക്കുന്ന കാഷ്/ഡിഡി തുകകൾ ട്രഷറി ചലാൻ മുഖേന തിരിച്ചടക്കണം എന്ന വ്യവസ്ഥയും പാലിക്കപ്പെട്ടിട്ടില്ല.

11/2016 ൽ ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ ODF ആയി പ്രഖ്യാപിച്ചിട്ടും വീണ്ടും പ്രസ്തുത ആവശ്യത്തിനായി തുക ചെലവഴിച്ച നടപടി അംഗീകരിക്കുന്നില്ല. മാത്രമല്ല 2017-18 വർഷത്തിൽ ODF പദ്ധതി നടത്തിപ്പിനായി സബ്സിഡി മാർഗ്ഗരേഖയിൽ പ്രത്യേകിച്ച് നിർദ്ദേശങ്ങൾ ഒന്നും തന്നെ ഇല്ലാത്തതിനാൽ സർക്കാരിൽ നിന്നുള്ള അനുമതിയും ലഭ്യമാക്കിയിട്ടില്ല. വി.ഇ.ഒ യുടെ അക്കൗണ്ടിൽ നിന്നുള്ള തുകയുടെ ചെലവ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതായി

കാണുന്നില്ല.

ഓഡിറ്റ് കാലയളവിൽ നടന്ന പണമിടപാടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ചെക്ക് നമ്പരും തിയ്യതിയും | തുക |
|---|---|---|---|
| 1 | കലാവതി | 024000/6.4.17 | 7700 |
| 2 | കന്യമ്മാൾ | 024004/17.6.17 | 7700 |
| 3 | തങ്കമണി | 024002/17.5.17 | 7700 |
| 4 | ജൈബുനീസ | 024003/31.5.17 | 7700 |
| 5 | കനകം | 081511/25.7.17 | 7700 |
| 6 | മഹിമരാജ് | 081513/6.9.17 | 7700 |
| 7 | പാർത്ഥസാരഥി | 081512/23.10.17 | 7700 |
| 8 | തങ്കവേൽ | 081515/7.2.18 | 7700 |
| 9 | നാഗമ്മാൾ | 081516/23.2.18 | 7700 |
| 10 | സെന്തിൽകുമാർ | 081514/17.2.18 | 7700 |
| 11 | തിരുവൻ | 081517/3.4.18 | 7700 |
| 12 | ചന്ദ്രൻ | 081518/31.3.18 | 7700 |
| 13 | ജയന്തി | 081519/22.5.18 | 7700 |
| 14 | ഭദ്രാൾ | 081520/25.5.18 | 7700 |
| ആകെ | | | 107800 |

പ്രസ്തുത അക്കൗണ്ടിൻെറ ബാങ്ക് സ്റ്റേറ്റ്മെൻെറ് പരിശോധിച്ചതിൽ 25.9.18 ൽ 116202/- രൂപ ബാക്കി നിൽക്കുന്നതായും കണ്ടു. സർക്കുലർ നമ്പർ ഇ.147340/എഫ്.എം.1/15/ത.സ്വ.ഭ.വ തിയ്യതി 19.3.15 പ്രകാരം പ്രത്യേകം അനുമതി ലഭിച്ചിട്ടുള്ള സാഹചര്യത്തിലൊഴികെ ട്രഷറി അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുകകൾ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിർവ്വഹണോദ്യോഗസ്ഥൻെറ പേരിൽ ട്രഷറിയിൽ ഒരു STSB അക്കൗണ്ട് നിലവിലുള്ളപ്പോൾ ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം.12/16.11.18 ന് ലഭിച്ച മറുപടിയിൽ അക്കൗണ്ടിൽ അവശേഷിക്കുന്ന 116202/- രൂപയിൽ 38500/- രൂപ 4 ഗുണഭോക്താക്കൾക്ക് ODF ധനസഹായമിനത്തിൽ നല്കുവാനുള്ളതും (3*7700+1*15400) 77702/- രൂപ പലിശയിനത്തിലുള്ളതുമാണെന്ന് വി.ഇ.ഒ മറുപടി നല്കിയിട്ടുണ്ട്. പലിശയിനത്തിലുള്ള തുകയായ 77702/- രൂപ ഗ്രാമപഞ്ചായത്തിലേക്കും പ്ലാൻഫണ്ട് തുകയായ 38500/- രൂപ സർക്കാരിലേക്കും ഒടുക്ക് വരുത്തി ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടേയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റികളുടേയും ശ്രദ്ധ ക്ഷണിക്കുന്നു.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-14 ആശ്രയ പദ്ധതി ഗുണഭോക്താക്കൾക്കായി നൽകിയ വികസന ഫണ്ടിൽ ചെലവഴിച്ചിട്ടില്ലാത്ത തുക തിരിച്ചടയ്ക്കേണ്ടതാണ്

ആശ്രയ പദ്ധതിക്കായി 2017-18 വർഷത്തിൽ പ്ലാൻ ഫണ്ടിൽ നിന്നും കുടുംബശ്രീക്ക് നൽകിയ 100000 രൂപ മുഴുവനും പദ്ധതിയിലെ ഗുണഭോക്താക്കളുടെ ഭക്ഷണാവശ്യങ്ങൾക്ക് ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് കാലയളവിൽ ഇതേ ആവശ്യത്തിനായി പ്ലാൻ വിഹിതം 150000 രൂപ ആശ്രയ കുടുംബശ്രീ ചാർജ്ജാഫീസറുടെ പേരിലുള്ള ഇന്ത്യൻ ബാങ്ക് അക്കൗണ്ട് നമ്പർ 6487775312 ൽ 14-6-2018 ൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ടവും അവസാനിച്ച സാഹചര്യത്തിൽ 30-9-2018 തീയതിയിലെ നീക്കിയിരിപ്പായ 63275 രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 20/19-11-2018)

# 3-15 പിന്നോക്ക വിഭാഗ കോളേജ്

## വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ-വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല

ഒരേ സാധനങ്ങൾ രണ്ട് ടെണ്ടറുകൾ വിളിച്ച് വാങ്ങിയത് ശ്രദ്ധയിൽപ്പെട്ടതിനാൽ നടത്തിയ തുടർ പരിശോധനയിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലെന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ പറയുന്നു.

കോളേജ് വിദ്യാർത്ഥികളുടെ വിദ്യഭ്യാസ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തിൽ പട്ടികജാതി, പട്ടികവർഗ കോളേജ് വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകൽ എന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.
നിർവഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

1) പ്രോജക്ട് നം - 65/18(എസ്.സി കോളേജ് വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്)

അടങ്കൽ - 480000 (വികസനഫണ്ട് എസ്.സി.പി)

ചെലവ് - 474810

ബിൽ നമ്പർ 10/17-18 തീയതി 12-3-18, പിൻവലിച്ച തുക 474810രൂപ

2) പ്രോജക്ട് നം - 66/18 (എസ്.ടി കോളേജ് വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്)

അടങ്കൽ - 390000 (വികസനഫണ്ട് ടി.എസ്.പി)

ചെലവ് - 224910

ബിൽ നമ്പർ:12/17-18 തീയതി 23-3-18 പിൻവലിച്ച തുക 199920രൂപ
ബിൽ നമ്പർ: 13/17-18 തീയതി 28-3-18 പിൻവലിച്ച തുക 24990രൂപ
ടെണ്ടറുകൾ വിഭജിച്ച് വിളിച്ചത് മാനദണ്ഡങ്ങൾക്ക് വിരുദ്ധം

ജി.ഒ.(എം.എസ്)13/2015.ഐ.ടി.ഡി/12-5-2015 പ്രകാരം അഞ്ച് ലക്ഷം രൂപയ്ക്കു മുകളിൽ എസ്റ്റിമേറ്റ് വരുന്ന സാധനങ്ങളുടെ സമാഹരണത്തിന് ഇ-ടെണ്ടർ നടപടികൾ പാലിക്കേണ്ടതാണെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ രണ്ട് പ്രൊജക്ടുകൾ പ്രകാരമുള്ള വാങ്ങലിൽ ആകെ അടങ്കൽ 8.7 ലക്ഷം രൂപയായിരുന്നുവെങ്കിലും ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനു പകരം രണ്ട് ഓപ്പൺ ടെണ്ടറുകൾ പ്രത്യേകം ക്ഷണിച്ചാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.

രണ്ട് പദ്ധതികളിലും നാല് ടെണ്ടറുകൾ വീതം ലഭിക്കുകയും ഏറ്റവും കുറവ് ക്വോട്ട് ചെയ്ത നിസ്ഡൻ ഇൻഫോവേ, പെരിന്തൽമണ്ണ എന്ന സ്ഥാപനത്തിന് 18-1-18 തീയതിയിൽ പർച്ചേസ് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.
ഇ-ടെണ്ടർ നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ മത്സര സ്വഭാവമുള്ള കൂടുതൽ ടെണ്ടറുകൾ ലഭിക്കുമായിരുന്നു എന്ന് വിലയിരുത്തുന്നു.

പരസ്യം നൽകിയതിൽ അപാകത

എന്നാൽ സ.ഉ.(പി)നം.259/2010/ത.സ്വ.ഭ.വ തിയതി 8-11-2010 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ ഓപ്പൺ ടെണ്ടർ നടത്തുമ്പോൾ വ്യാപക പ്രചാരമുള്ള ഒരു മലയാള ദിനപത്രത്തിലും ഒരു ഇംഗ്ലീഷ് ദിനപത്രത്തിലും പരസ്യം നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മലയാള ദിനപത്രത്തിൽ മാത്രമാണ് പരസ്യം നൽകിയിട്ടുള്ളത്.

ആകെ 28 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്ത് പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടെങ്കിലും ടെണ്ടർ നടപടിക്രമങ്ങളിൽ ഉണ്ടായ പാളിച്ചകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം. 20/19-11-2018 നൽകിയെങ്കിലും വ്യക്തമായ മറുപടി ലഭിച്ചില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഇ-ടെണ്ടറിൽ നിന്നും ഒഴിവാകുവാനായി രണ്ട് ഓപ്പൺ ടെണ്ടറുകൾ വിളിച്ചത് സ്റ്റോർസ് പർച്ചേസ് മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണ്. ഒരേ സാധനങ്ങളുടെ വാങ്ങലുകൾക്ക് ടെണ്ടറുകൾ വിഭജിച്ച് വിളിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

2. സ.ഉ.(പി) 259/2010/ ത.സ്വ.ഭ.വ തിയതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ വാങ്ങലുകളിൽ കർശനമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 3-16 കുടിവെള്ള പദ്ധതികളുടെ പരിപാലനം കാര്യക്ഷമമാക്കി ഗ്രാമപഞ്ചായത്തിന്റെ ബാധ്യത ലഘൂകരിക്കേണ്ടതാണ്

സ.ഉ(സാധാ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം പുറപ്പെടുവിച്ചിച്ച മാർഗ്ഗരേഖയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പരിപാലിക്കുന്നതും ജല അതോറിറ്റിയിൽ നിന്ന് കൈമാറിക്കിട്ടിയതുമായ കുടിവെള്ള വിതരണ പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിരുന്നു. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്നും ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിലെ കാര്യക്ഷമതയും പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. ഗ്രാമപഞ്ചായത്തിന്റെ കുടിവെള്ള പദ്ധതികളുടെ വിവരം

ജല അതോറിറ്റിയിൽ നിന്നും കൈമാറിക്കിട്ടിയ 29 കുടിവെള്ള പദ്ധതികളും, 5 ബൾക്ക് മീറ്ററുകളും ഗ്രാമപഞ്ചായത്ത് പരിപാലിക്കുന്നുണ്ട്. ആകെ 2429 ഉപഭോക്താക്കൾ പദ്ധതികൾക്ക് കീഴിലുണ്ട്.

ബി. വെള്ളക്കരം

ഗാർഹിക ഉപഭോക്താക്കളിൽ നിന്ന് പ്രതിമാസം 100 രൂപയും ഗാർഹികേതര ഉപഭോക്താക്കളിൽ നിന്ന് 200 രൂപയുമാണ് നിലവിൽ ഈടാക്കി വരുന്നത്. ഗാർഹിക, ഗാർഹികേതര ഉപഭോക്താക്കളുടെ കണക്ക് കൃത്യമായി പരിപാലിച്ചിട്ടില്ല.

സി. പമ്പ് ഓപ്പറേറ്റർമാർ

പദ്ധതികളുടെ നടത്തിപ്പിനായി 5 പമ്പ് ഓപ്പറേറ്റർമാരെ നിയമിച്ചിട്ടുണ്ട്. ഇവർക്ക് 240 രൂപയാണ് ദിവസ വേതനമായി നൽകുന്നത്.

ഡി. 2017-18 വർഷത്തെ വരവ്-ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല

| | | |
|---|---|---|
| തൻവർഷത്തെ ആകെ വരവ് | | 22.5 ലക്ഷം രൂപ |
| തൻവർഷത്തെ ആകെ ചെലവ് | | 26.57 ലക്ഷം രൂപ |
| കൊഴിഞ്ഞാമ്പാറ സെക്ഷൻ – വൈദ്യുതി ചാർജ്ജ് | 1356000 | |
| വേലാന്താവളം സെക്ഷൻ-വൈദ്യുതി ചാർജ്ജ് | 287940 | |
| പൊതു ടാപ്പുകളുടെ വെള്ളക്കരം | 330756 | |
| കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണി | 262970 | |
| പമ്പ് ഓപ്പറേറ്റർമാരുടെ വേതനം | 420000 | |

വൈദ്യുതി ചാർജ്ജ്, വേതനം, അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി 26 ലക്ഷം രൂപയിൽ അധികം രൂപ ചെലവഴിച്ചിട്ടുണ്ട്. വരവും ചെലവും തമ്മിലുള്ള അന്തരം തനത് ഫണ്ടിന്റെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിച്ചിട്ടും ആയതിന് പരിഹാരം കാണുന്നതിനുള്ള ക്രിയാത്മക നടപടികളൊന്നും ഗ്രാമപഞ്ചായത്ത് നാളിതുവരെ സ്വീകിച്ചിട്ടില്ല എന്ന് വിലയിരുത്തുന്നു.

ഇ. കുടിശ്ശികയുടെ വിവരം

ഡിമാന്റ് രജിസ്റ്റർ പ്രകാരം ആകെ 2515073 രൂപ വെള്ളക്കരം ഇനത്തിൽ ഉപഭോക്താക്കളിൽ നിന്ന് പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നുണ്ട്.

കുടിശ്ശിക വരുത്തിയവർക്കെതിരെ നടപടികൾ സ്വീകരിച്ചതിനുള്ള രേഖകൾ ലഭ്യമായിട്ടില്ല.

എഫ്. പദ്ധതികൾ കൈമാറുന്നതിനായി സ്വീകരിച്ച നടപടികൾ

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് അതാത് പ്രദേശത്തെ ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീരിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം. 1/16-11-2018 നുള്ള മറുപടിയിൽ 13 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ചിട്ടുണ്ടെന്നും, 3 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും, ബാക്കിയുള്ള 13 കുടിവെള്ള പദ്ധതികളുടെ വിതരണ ശൃംഖല പരസ്പ്പരം ബന്ധപ്പെട്ടു കിടക്കുന്നതിനാൽ സമിതി രൂപീകരിച്ച് പദ്ധതി കൈമാറുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ജി. ബൈലോ

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി നിയമാവലി തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

എച്ച്. വിവിധ വാർഡുകളിലെ മോട്ടോർ അറ്റകുറ്റപ്പണികൾക്ക് ശാസ്ത്രീയ സംവിധാനം ഏർപ്പെടുത്തണം

പ്രോജക്റ്റ് നമ്പർ - 180/18
നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ - 400000 ( 200000-വികസന ഫണ്ട് - ജനറൽ+

200000-തനത് ഫണ്ട്)

ചെലവ് – 199270(വികസന ഫണ്ട് - ജനറൽ)

ബിൽ നമ്പർ 36/17-18തിയതി 24-3-18 -92060 രൂപ)

ബിൽ നമ്പർ 37/17-18തിയതി 24-3-18 -45210രൂപ)

ബിൽ നമ്പർ 27/17-18തിയതി 24-3-18 -43000രൂപ)

ബിൽ നമ്പർ 41/17-18തിയതി 28-3-18- 19000രൂപ)

63700 (തനത് ഫണ്ട് - ബിൽ.നം 855/22-12-2017)

പഞ്ചായത്തിന് കൈമാറിക്കിട്ടിയ കുടിവെള്ള പദ്ധതികളിലെ മോട്ടോർ റിപ്പയർ നടത്തുവാനായി 31-7-2017 ലെ ഭരണസമിതിയുടെ 20/1 നമ്പർ തീരുമാനം പ്രകാരം കേടുവന്ന മോട്ടോറുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് LSGD അസിസ്റ്റന്റ് എഞ്ചിനിയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിവിധ വാർഡുകളിലെ കേടുവന്ന 29 കുടിവെള്ള പദ്ധതികളുടെ മോട്ടോർ അറ്റകുറ്റപ്പണികൾക്കായി ഓരോന്നിനും പ്രത്യേകം ക്വട്ടേഷനുകളാണ് ക്ഷണിച്ചിട്ടുള്ളത്. വാല്യുവേഷൻ അനുസരിച്ച് ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിക്കാതിരുന്നത് പ്രൊക്യൂർമെന്റ് നടപടികളുടെ ലംഘനമായി വിലയിരുത്തുന്നു.

സ.ഉ.(പി)259/2010/ ത.സ്വ.ഭ.വ തിയതി 8-11-2010 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിന്റെ ഭാഗമായി തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനു പകരം 199270 രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 22/19-11-2018 നമ്പർ ഓഡിറ്റ് അന്വേഷണം പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്-സംരക്ഷണ ചുമതല ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കേണ്ടതാണെന്ന 30-5-2009 ലെ സ.ഉ(സാ)നം. 1275/2009/ത.സ്വ.ഭ.വ ഉത്തരവിലെ നിർദ്ദേശം പാലിക്കുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കേണ്ടതാണ്.

2. പദ്ധതികൾ കൈമാറുന്നതുവരെ അവയുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനായി ഒരു നിയമാവലി തയ്യാറാക്കേണ്ടതാണ്.

3. ചെലവിന് ആനുപാതികമായി വെള്ളക്കരം കാലാനുസൃതമായി പുതുക്കി നിശ്ചയിച്ച് പദ്ധതികൾ ഗ്രാമപഞ്ചായത്തിന് സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

4. കുടിവെള്ളത്തിന്റെ ദുരുപയോഗം നടക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

5. വെള്ളക്കരം കുടിശ്ശിക വരുത്തിയവർക്കെതിരെ നടപടികൾ സ്വീകരിച്ച് കുടിശ്ശിക, പിഴ സഹിതം പിരിച്ചെടുക്കേണ്ടതാണ്

6. 13-ാം പദ്ധതി മാർഗ്ഗരേഖയിലേയും സബ്സിഡി മാർഗ്ഗരേഖയിലേയും നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് തുടർ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

7. കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണിക്ക് തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

8. കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണിക്ക് സ.ഉ.(പി) 259/2010/ ത.സ്വ.ഭ.വ തിയതി 8-11-2010 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-17 ഗ്രാമപഞ്ചായത്തിൽ ഫലപ്രദമായ ഖരമാലിന്യ സംസ്കരണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണത്തിനായി ആവിഷ്കരിക്കപ്പെട്ട പല പദ്ധതികളും നടപ്പാക്കിയിട്ടില്ല എന്നത് കണക്കിലെടുത്ത് ആയതിന്റെ കാരണം വിലയിരുത്തുവാൻ ഓഡിറ്റ് ലക്ഷ്യമിടുകയും വിവിധ രേഖകൾ പരിശോധിക്കുകയും ചെയ്തു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

2017-18 വർഷത്തിൽ പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 1505000 രൂപ വകയിരുത്തി പ്രൊജക്റ്റ് ആവിഷ്കരിച്ചുവെങ്കിലും (നം.186/18) ആയത് തൻവർഷം നടപ്പാക്കുവാൻ സാധിച്ചിട്ടില്ല. ബ്ലോക്ക് വിഹിതമായി 1500000 രൂപ 22-3-2018 ന് ഈ ആവശ്യത്തിനായി ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി മുഴുവൻ തുകയും ലഭിച്ചിട്ടും പദ്ധതി നടപ്പിലാക്കാത്തിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ 22/21-10-2018 നം. ഓഡിറ്റ് അന്വേഷണത്തിന് വ്യക്തമായ മറുപടി ലഭ്യമാക്കിയില്ല.

മാലിന്യ സംസ്കരണപ്ലാന്റ് എന്ന പേരിൽ 500000 രൂപ ഫിനാൻസ് കമ്മീഷൻ ഗ്രാന്റിൽ നിന്നും, 202500 രൂപ കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും, 2200000 രൂപ പ്ലാൻ ഫണ്ടിൽ നിന്നും വകയിരുത്തി ഒരു പ്രോജക്റ്റ് (നം.167/18) തൻവർഷം ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും തൻവർഷം പ്രാവർത്തികമാക്കിയിട്ടില്ല.

മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ടും, നിലവിലുള്ള മാലിന്യ സംസ്കരണ സംവിധാനത്തിന്റെ അവസ്ഥയെക്കുറിച്ചും വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/21-10-2018) മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. മാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ സ.ഉ(കൈ)നം.11/2018 /തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ 7.1.സി എന്ന ഖണ്ഡികയിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുക്കേണ്ടതാണ്.
2. ആവിഷ്കരിക്കപ്പെടുന്ന പ്രൊജക്റ്റുകൾ നടപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്.
3. ശാശ്വതമായ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള തുടർപദ്ധതികൾക്ക് രൂപം നൽകേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-18 ശാരീരിക മനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്-തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നല്കിയില്ല

ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട തുക അക്കൗണ്ടിലേക്ക് നേരിട്ട് നൽകേണ്ടതാണെന്ന നിബന്ധന പാലിച്ചിട്ടില്ലെന്ന് പരിശോധയിൽ കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
നിർവ്വഹണോദ്യോഗസ്ഥൻ-എച്ച്.എം, ജി.യു.പി.എസ്, കൊഴിഞ്ഞാമ്പാറ

അടങ്കൽ-100000/-

ചെലവ്-100000/-

ബിൽ നം.1. 5/18 തിയ്യതി 22.3.18=85000/-

2. 6/18 തിയ്യതി 22.3.18=15000/-

ബിൽ നം .6/18 പ്രകാരം പിൻവലിച്ച 15000/-രൂപ നിർവ്വഹണോദ്യോഗസ്ഥനായ എച്ച്.എം, ജി.യു.പി.എസ്, കൊഴിഞ്ഞാമ്പാറയുടെ അക്കൗണ്ടിലേക്ക് 29.3.18 ൽ ക്രഡിറ്റ് ആയിട്ടുണ്ട്. (a/c no.714041400000186-ടി.എസ്.പി.അക്കൗണ്ട്-ചിറ്റൂർ). സ.ഉ(സാധാ) നം.1805/14/ ത.സ്വ.ഭ.വ. തിയ്യതി 14.7.14 പ്രകാരം സ്കോളർഷിപ്പ് തുക ഗുണഭോക്താവിൻെറ അക്കൗണ്ടിലേക്ക് നല്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നപക്ഷം രക്ഷിതാക്കളുടെ അക്കൗണ്ടിലേക്ക് നല്കാമെന്നിരിക്കെ ഗുണഭോക്താക്കൾക്ക് കാഷ് ആയിട്ടാണ് തുക വിതരണം ചെയ്തിരിക്കുന്നത്. ആയത് ക്രമപ്രകാരമല്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമനം. | ഗുണഭോക്താവിൻെറ പേര് | തുക |
|---|---|---|
| 1 | അജിത്.കെ | 5000 |
| 2 | കതിർവേൽ.എസ് | 5000 |

| | | |
|---|---|---|
| 3 | അക്ഷയ്കുമാർ.എം | 5000 |

ഓഡിറ്റ് അന്വേഷണം നം.23/19.11.18 ന് ലഭിച്ച മറുപടിയിൽ മേൽ സൂചിപ്പിച്ച വിദ്യാർത്ഥികൾ കൂടുതൽ അംഗവൈകല്ല്യമുള്ളവരായതുകൊണ്ടും രക്ഷിതാക്കളോട് നിരവധി തവണ ബാങ്ക് അക്കൗണ്ട് എടുക്കുവാൻ ആവശ്യപ്പെട്ടിട്ടും എടുക്കാത്തതുകൊണ്ടാണ് തുക കാഷ് ആയി വിതരണം ചെയ്തതെന്നും സൂചിപ്പിച്ചിട്ടുണ്ട്.

തുടർന്നുള്ള പദ്ധതി നടത്തിപ്പിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുക കൈമാറേണ്ടതാണ്.

# 3-19 എസ്.സി/എസ്.റ്റി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം-വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല

എച്ച്.എം നടത്തിയ വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. പ്രോജക്റ്റ് -67/18-എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം

അടങ്കൽ-355000-എസ്.സി.പി

ചെലവ്-222940

ബിൽ നമ്പരും തിയ്യതിയും- 1. 3/18 തിയ്യതി 22.3.18=217980

2.4/18 തിയ്യതി 22.3.18=4960

ഇൻവോയ്സ് നമ്പർ 1.-സി-6076/15.3.18

2.സി-6185/21.3.18

മേൽ ഇൻവോയ്സുകൾ പ്രകാരം 26 ബോയ്സ് സൈക്കിളുകളും 19 ഗേൾസ് സൈക്കിളുകളും POPULAR CYCLE MART, PALAKKAD നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

2. പ്രോജക്റ്റ് -69/18-എസ്.റ്റി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം

അടങ്കൽ-108500-ടി.എസ്.പി

ചെലവ്-74330

ബിൽ നമ്പരും തിയ്യതിയും- 1. 2/18 തിയ്യതി 22.3.18=74330

ഇൻവോയ്സ് നമ്പർ 1.-സി-6075/15.3.18

മേൽ ഇൻവോയ്സ് പ്രകാരം 7 ബോയ്സ് സൈക്കിളുകളും 8ഗേൾസ് സൈക്കിളുകളും POPULAR CYCLE MART, PALAKKAD നിന്നുംവാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന എസ്.സി./എസ്.റ്റി വിദ്യാർത്ഥികൾക്ക് സൈക്കിളുകൾ വാങ്ങി വിതരണം ചെയ്യുക എന്നതായിരുന്നു മേൽ പദ്ധതികളുടെ ലക്ഷ്യം. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി.

1. ഒരേ സ്പെസിഫിക്കേഷനുള്ള സൈക്കിളുകൾ വാങ്ങുന്നതിനുള്ള 2 പദ്ധതികൾക്ക് ഒന്നിച്ച് ടെണ്ടർ ക്ഷണിക്കാതെ വ്യത്യസ്ത ടെണ്ടറുകൾ ക്ഷണിച്ചത് പ്രൊക്യൂർമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

2. വ്യപക പ്രചാരമുള്ള ഒരു മലയാള ദിനപത്രത്തിലും ഇംഗ്ലീഷ് ദിനപത്രത്തിലും ടെണ്ടർ പരസ്യം നല്കണമെന്ന പ്രൊക്യൂർമെന്റ് വ്യവസ്ഥ പാലിച്ചിട്ടില്ല. മലയാള ദിനപത്രത്തിൽ മാത്രം പരസ്യം ചെയ്തിരിക്കുന്നു.

ഓഡിറ്റ് അന്വേഷണം നമ്പർ 21/19.11.18 നുള്ള മറുപടിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്ന് എച്ച്.എം അറിയിച്ചിട്ടുണ്ട്.
തുടർന്നുള്ള വാങ്ങലുകളിൽ സ.ഉ(പി)നം.259/2010/എൽ.എസ്.ജി.ഡി തിയതി 8-11-2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-20 പാലിയേറ്റീവ് കെയർ പദ്ധതിക്കാവശ്യമായ മുഴുവൻ തുകയ്ക്കും മരുന്നുകൾ ലഭ്യമായില്ല-നടപടികൾ ആവശ്യപ്പെടുന്നു

സാന്ത്വന ചികിത്സക്കാവശ്യമായ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.
പ്രോജക്ട് -62/18-സാന്ത്വന പരിചരണം

അടങ്കൽ-600000 (പ്ലാൻ ഫണ്ട്-300000+ ബ്ലോക്ക് വിഹിതം-300000 )

ആകെ ചെലവ്-525091/- (10 ബില്ലുകൾ)
നിർവ്വഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ(സി.എച്ച്.സി)

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി മരുന്നുകളുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിൻെറ അടിസ്ഥാനത്തിൽ ചെക്ക് നം. 5668669/28.3.18 പ്രകാരം

പിൻവലിച്ച തുക 148262 രൂപ (PROFORMA INVOICE No.PRF-4164/9.2.18 പ്രകാരം 22 ഇനം മരുന്നുകൾ ലഭ്യമാക്കുന്നതിലേക്ക്) KERALA MEDICAL SERVICE CORPORATION Ltd., Thiruvananthapuram ന്റെ അക്കൗണ്ടിലേക്ക് (A/c.No.3624001800000019) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നല്കിയിട്ടുണ്ട്. ആവശ്യപ്പെട്ട മരുന്നുകളിൽ Invoice No.662/13.4.18 പ്രകാരം 50790/- രൂപയുടെ 10 ഇനം മരുന്നുകളും, Invoice No.5679/30.3.18 പ്രകാരം 19640/- രൂപയുടെ 2 ഇനം മരുന്നുകളും Invoice No.9051/27.9.18 പ്രകാരം 10501/- രൂപയുടെ 3 ഇനം മരുന്നുകളും കൂടി ആകെ 80931/- രൂപയുടെ മരുന്നുകൾ മാത്രമാണ് സ്ഥാപനത്തിന് നാളിതുവരെയായി ലഭ്യമായിട്ടുള്ളത്. ബാക്കി 67331/- രൂപയുടെ 7 ഇനം മരുന്നുകൂടി ലഭിക്കുവാനുണ്ട്. സമയബന്ധിതമായി നടപ്പിലാക്കേണ്ടുന്ന സാന്ത്വന പരിചരണത്തിനായ മരുന്നുകൾ ലഭ്യമാകുവാൻ കാലതാമസം ഉണ്ടാകുന്നത് അഭികാമ്യമല്ല.

പാലിയേറ്റീവ് കെയർ സംബന്ധിച്ച രജിസ്റ്ററുകൾ പരിശോധിച്ചതിൽ 2017-18 സാമ്പത്തിക വർഷത്തിൽ നോമിനൽ രജിസ്റ്റർ പ്രകാരം 674 പേർ രജിസ്റ്റർ ചെയ്തതിൽ 105 പേർ തുടർ ചികിത്സ രജിസ്റ്ററിൽ ഉൾപ്പെട്ടുകയും തുടർ ചികിത്സ നല്കി വരുകയും ചെയ്യുന്നുണ്ട്. തുടർ ചികിത്സ ആവശ്യമുള്ള ഇത്രയും രോഗികൾ ഉള്ള ഗ്രാമപഞ്ചായത്തിൽ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കേണ്ടുന്ന ആവശ്യകത ആരോഗ്യ വിദ്യാഭ്യാസ സ്റ്റന്റിംഗ് കമ്മറ്റിയിൽ ചർച്ചചെയ്യേണ്ടതും മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം നം,7/14.11.18)

## **3-21** <u>ഡാറ്റാ എൻട്രി ഓപ്പറേറ്റർക്ക് തുടർച്ചയായി വേതനം നൽകുന്നതിന് അംഗീകാരം ലഭ്യമാക്കിയില്ല</u>

2017-18 വർഷത്തെ എസ്റ്റാബ്ലിഷ്മെന്റ് ബില്ലുകളുടെ പരിശോധയിൽ ശ്രീമതി. രാജേശ്വരി എന്നവർക്ക് ഡാറ്റാ എൻട്രി നടത്തിയതിന് എല്ലാ പ്രവൃത്തി ദിവസങ്ങളിലും ദിവസ വേതനാടിസ്ഥാനത്തിൽ തുക അനുവദിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. ഡിസംബർ 2017 വരെ 300 രൂപ നിരക്കിലും ജനുവരി മുതൽ 400 രൂപ നിരക്കിലും തുക അനുവദിച്ചിട്ടുണ്ട്. മസ്റ്റർ റോളിൽ ഹാജർ രേഖപ്പെടുത്തിയാണ് തുക അനുവദിച്ചിട്ടുള്ളത്.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| മാസം | വൌച്ചർ നമ്പർ , തീയതി | കൈപ്പറ്റിയ തുക |
|---|---|---|
| 4/17 | 21700107/1-5-17 | 6600 |
| 5/17 | 21700107/1-6-17 | 7500 |

| | | |
|---|---|---|
| 6/17 | 21700107/1-7-17 | 7500 |
| 7/17 | 21700107/1-8-17 | 7500 |
| 8/17 | 21700107/30-8-17 | 7500 |
| 9/17 | 21700107/3-10-17 | 6000 |
| 10/17 | 21700107/1-11-17 | 6900 |
| 11/17 | 21700107/1-12-17 | 4800 |
| 12/17 | 21700107/1-1-18 | 9200 |
| 1/18 | 21700107/1-2-18 | 8800 |
| 2/18 | 21700107/3-3-18 | 8800 |
| 3/18 | 21700107/3-4-18 | 8800 |
| | ആകെ | 89900 |

2017-18 സാമ്പത്തിക വർഷം മുഴുവനും തുടർച്ചയായി ജോലി ചെയ്തതായി കാണുന്നു. ഡാറ്റാ എൻട്രി ഓപ്പറേറ്ററെ ഇപ്രകാരം നിയമിച്ചതിന് ഉന്നതാധികാരികളിൽ നിന്നും അംഗീകാരം ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുവാൻ വേണ്ടി 22/19-11-2018 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയായി 14-10-2016 തീയതിയിലെ ഭരണസമിതിയുടെ 32(11) നമ്പർ തീരുമാനം പ്രകാരം 100 ദിവസ കാലയളവിലേക്ക് താത്കാലികമായി ഡാറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിക്കുവാൻ തീരുമാനിച്ച തീരുമാനം ലഭ്യമാക്കി. ഇത്തരത്തിൽ തുടർച്ചയായി ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുമ്പോൾ ഉന്നതാധികാരികളിൽ നിന്നും അനുമതി ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1500000 | പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്ലാന്റ് | 0 | 1500000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 310371 | ക്ഷീര കർഷകർക്ക് സബ്സിഡി | 310371 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | പെയ്ൻ ആന്റ് പാലിയേറ്റീവ് | 240560 | 59440 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 657259 | ഉഴവുകൂലി | 657259 | 0` |
| ജില്ലാ പഞ്ചായത്ത് | 2017-18 | 816000 | ഉഴവുകൂലി | 816000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 500000 | ക്ഷീര കർഷകർക്ക് സബ്സിഡി | 500000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2016-17 | 200000 | പാലിയേറ്റീവ് പദ്ധതി | 0 | 200000 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| കെ.എസ്.ഇ. ബി, കൊഴിഞ്ഞാമ്പാറ | 44/18-വൈദ്യുതി ലൈൻ വലിക്കൽ | 24/30-12-2017<br>7/19-9-2017 | 920425<br>7481 | വിനിയോഗ വിവരം ലഭ്യമായില്ല | |
| | 180/18-വൈദ്യുതി ലൈൻ വലിക്കൽ | 22/30-12-2017<br>23/30-12-2017 | 321800<br>389010 | | |

| | | | | |
|---|---|---|---|---|
| | 187/18-എസ്.ടി കോളനികളിൽ വൈദ്യുതി ലൈൻ വലിക്കൽ | 42/28-3-2018 | 522024 | |
| കെ.എസ്.ഇ. ബി,നാട്ടുകൽ | 168/18- മണിമുത്ത്നഗർ ഇലക്ട്രിക് പോസ്റ്റ്- മാറ്റിസ്ഥാപിക്കൽ | 11/31.10.2017 | 4574 | - |
| കെ.ഡബ്ല്യൂ.എ | 157/18-ബൾക്ക് മീറ്റർ സ്ഥാപിക്കൽ | ഡി.ഡി.നമ്പർ 2787283/31.3.18 | 67500 | - |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 1000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 0 |

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 3.11(1), (2) | 4.1.5<br>4.1.9 | നിഷ്ക്രിയാസ്തി-<br>പ്രത്യേക അവലോകനം | വനിതാ തൊഴിൽ പരിശീലന കേന്ദ്രം<br>ഉഴവർ ചന്ത | സമിതി വിഷയം പരിഗണിച്ചിട്ടുണ്ട്. തീരുമാനം ലഭ്യമായിട്ടില്ല. |

# 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(എ)സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 75245131 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 86960658 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 65900 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-4 | - | 20282 | ശ്രീ.സേതു.എസ്<br>അസി.എഞ്ചിനിയർ |
| 3-5(1) | - | 13871 | ശ്രീ.സേതു.എസ്<br>അസി.എഞ്ചിനിയർ |
| 3-5(2) | - | 31747 | ശ്രീ.സേതു.എസ്<br>അസി.എഞ്ചിനിയർ |
| | ആകെ | 65900 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സേതു.എസ്<br>അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, നല്ലേപ്പിള്ളി ഗ്രാമപഞ്ചായത്ത് | മാമ്പുള്ളി വീട്, ചുള്ളിമട, കഞ്ചിക്കോട്, പാലക്കാട്-678621 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
|---|---|---|
| 1996-97 | കെ.എസ്.എ-പികെഡി-11/1140/18 തിയതി 7-9-2018 | 1 |
| 1997-98 | കെ.എസ്.എ-പികെഡി-11/1140/18 തിയതി 7-9-2018 | 4 |
| 1998-99 | കെ.എസ്.എ-പികെഡി-11/1140/18 തിയതി 7-9-2018 | - |
| 1999-2000 | കെ.എസ്.എ-പികെഡി-11/1140/18 തിയതി 7-9-2018 | 8 |
| 2000-01 | കെ.എസ്.എ-പികെഡി-11/1140/18 തിയതി 7-9-2018 | 12 |
| 2001-02 | കെ.എസ്.എ-പികെഡി-11/1140/18 തിയതി 7-9-2018 | 10 |
| 2002-03 | കെ.എസ്.എ-പികെഡി-11/1140/18 തിയതി 7-9-2018 | 4 |
| 2003-04 | കെ.എസ്.എ-പികെഡി-11/1140/18 തിയതി 7-9-2018 | 18 |
| 2004-05 | കെ.എസ്.എ-പികെഡി-11/1140/18 തിയതി 7-9-2018 | 22 |
| 2005-06 | കെ.എസ്.എ-പികെഡി-11/1140/18 തിയതി 7-9-2018 | 8 |
| 2006-07 | കെ.എസ്.എ-പികെഡി-11/1140/18 തിയതി 7-9-2018 | 3 |
| 2007-08 | എൽ.എഫ്.പി.11-12/14/7-1-2014 | 3 |
| 2008-09 | എൽ.എഫ്.പി.11-2002/12/7-10-2013 | - |
| 2009-10, 2010-11 | കെ.എസ്.എ-പികെഡി-11/981/2015/ 9-11-2015 | 5 |
| 2011-12 | കെ.എസ്.എ-പികെഡി-11/1713/2015 / 9-10-2015 | 8 |
| 2012-13 | കെ.എസ്.എ-പികെഡി-11/167/ 16 / 12-8-2016 | 4 |
| 2013-14, 2014-15 | കെ.എസ്.എ-പികെഡി-11/736/16 / 11-7-2016 | 8 |

| | | |
|---|---|---|
| 2015-16 | നം.കെ.എസ്.എ-പികെഡി11/18/2017<br>03-01-2017 | 21 |
| 2016-17 | നം.കെ.എസ്.എ-പികെഡി11/1715/2017<br>30-10-2017 | 24 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ.

# അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

1997ലെ കേരള പഞ്ചായത്ത് രാജ്(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 10(1) പ്രകാരം 2017-18സാമ്പത്തിക വർഷത്തെ വിശദമായ വാർഷിക ഓഡിറ്റ് സർക്കാർ നിർദ്ദേശിച്ച സമയപരിധിക്കുള്ളിൽ പിന്നീട് നടത്തുന്നതാണ്.

ഡെപ്യൂട്ടി ഡയറക്ടർ.

## 2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വസ്തു നികുതി - 2016-17 ലെ ബാലൻസ്ഷീറ്റിലെ തുകയും 17-18 ലെ അരിയർ ഡിമാന്റുമായി പൊരുത്തപ്പെടുന്നില്ല.
2. 2015, 2016 വർഷങ്ങളിൽ നല്കിയ പണമാക്കാത്ത ചെക്കുകൾ ഉണ്ട്. ഇവ Liability in respect of Stale Chequesഎന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.
3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല.
4. ഡെപ്പോസിറ്റ് വർക്കുകൾക്കായി നിർവഹണ ഏജൻസികൾക്ക് നല്കുന്ന തുക 'Advance to Implementing Agencies' എന്ന ശീർഷകത്തിൽ ചേർത്തിട്ടില്ല.
5. പ്രത്യേക ഉദ്ദേശ്യങ്ങൾക്കായുള്ള ഗ്രാന്റ് തുകകൾ തനത് ഫണ്ടിനൊപ്പം നിക്ഷേപിച്ചിട്ടുണ്ട്. ഇത്തരം തുകകൾക്കായി പ്രത്യേക അപ്രോപ്രിയേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
6. Sale of Tender Forms എന്ന വരവിന് പ്രത്യേക രജിസ്ററർ സൂക്ഷിച്ചിട്ടില്ല.
7. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
8. കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് തുകയ്ക്ക് വർക്ക്ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ.

# അനുബന്ധം - 2

## വിവിധ സ്റ്റേറ്റ്മെന്റുകൾ

### 1. റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – സംക്ഷിപ്തം

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| Opening Balance | | | |
| | Bank | RP-40(a) | 2,16,95,127.00 |
| | Cash | RP-40(a) | 2,90,625.00 |
| Receipts | | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 21,14,482.00 |
| 130000000 | Rental Income from Panchayat Properties | RP-3 | 0.00 |
| 140000000 | Fees & User Charges | RP-4 | 13,12,409.00 |
| 150000000 | Sale & Hire Charges | RP-5 | 43,700.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 4,89,88,476.00 |
| 171000000 | Interest Earned | RP-9 | 2,25,994.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 79,75,450.00 |
| 350000000 | Other Liabilities | RP-36 | 38,74,462.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4,78,495.00 |
| Non Operating | | | |
| 180000000 | Other Income | RP-10 | 3,958.00 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds | RP-29 | 12,500.00 |
| 340000000 | Deposits Received | RP-34 | 3,61,479.00 |
| 350000000 | Other Liabilities | RP-36 | 4,56,185.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 88,06,686.00 |
| 460000000 | Loans, Advances and Deposits | RP-47 | 5,90,855.00 |
| Grand Total | 9,72,30,883.00 | | |
| Payments | | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 53,93,631.00 |
| 220000000 | Administrative Expenses | RP-12 | 9,68,288.00 |
| 230000000 | Operations & Maintenance | RP-13 | 57,66,192.00 |
| 250000000 | Decentralised Plan Programme - Productive Sector | RP-15 | 72,99,381.00 |
| 251000000 | Decentralised Plan Programme - Service Sector | RP-16 | 1,18,07,475.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | RP-17 | 8,91,223.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | RP-18 | 3,27,774.00 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not included under Decentrali | RP-19 | 2,36,998.00 |
| 255000000 | Maintenance Projects | RP-20 | 68,98,798.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 10,550.00 |
| 280000000 | Prior Period Item | RP-26 | -46,660.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 54,27,741.00 |
| 350000000 | Other Liabilities | RP-36 | 55,14,272.00 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 1,110.00 |
| 280000000 | Prior Period Item | RP-26 | -34,008.00 |
| 311000000 | Earmarked Funds | RP-29 | 12,550.00 |
| 340000000 | Deposits Received | RP-34 | 1,81,064.00 |
| 350000000 | Other Liabilities | RP-36 | 25,33,819.00 |
| 410000000 | Fixed Assets | RP-38 | 1,11,83,514.00 |
| 412000000 | Capital Work In Progress | RP-40 | 38,52,145.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1,78,48,598.00 |
| 460000000 | Loans, Advances and Deposits | RP-47 | 8,86,203.00 |
| Closing Balance | | | |
| | Bank | RP-40(b) | 1,01,16,952.00 |
| | Cash | RP-40(b) | 1,53,273.00 |
| Grand Total | 9,72,30,883.00 | | |

2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് – – സംക്ഷിപ്തം

**Income & Expenditure Statement**
**Kozhinjampara Grama Panchayat**
**For the period from 01-April-2017 to 31-March-2018**

| *Code* | *Head Of Account* | *Schedule* | *Amount(Rs.)* |
|---|---|---|---|
| **Income** | | | |
| 110000000 | Tax Revenue | I-1 | 57,06,691.00 |
| 130000000 | Rental Income from Panchayat Properties | I-3 | 11,66,604.00 |
| 140000000 | Fees & User Charges | I-4(b) | 51,58,634.00 |
| 150000000 | Sale & Hire Charges | I-5(b) | 46,200.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | I-6 | 12,34,49,247.00 |
| 171000000 | Interest Earned | I-8 | 2,25,994.00 |
| 180000000 | Other Income | I-9 | 2,87,908.00 |
| **A** | **Total-Income** | | **13,60,41,278.00** |
| **Expenditure** | | | |
| 210000000 | Establishment Expenses | I-10(b) | (1,29,79,320.00) |
| 220000000 | Administrative Expenses | I-11(b) | (9,68,338.00) |
| 230000000 | Operations & Maintenance | I-12(b) | (60,54,896.00) |
| 240000000 | Interest & Finance Charges | I-13 | (1,110.00) |
| 250000000 | Decentralised Plan Programme - Productive Sector | I-14 | (1,12,98,898.00) |
| 251000000 | Decentralised Plan Programme - Service Sector | I-14(a) | (3,45,43,710.00) |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(b) | (8,91,223.00) |
| 253000000 | Decentralised Plan Programme - Projects not included in Sector Division | I-14(c) | (3,27,774.00) |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not included under Decentralised Plan Programme) | I-14(d) | (5,31,48,198.00) |
| 255000000 | Maintenance Projects | I-14(e) | (91,02,466.00) |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | (10,550.00) |
| **B** | **Total-Expenditure** | | **(12,93,26,483.00)** |
| C = A-B Gross Surplus/Deficit of Income over Expenditure | | | |
| | | | **67,14,795.00** |
| **D=** | 280000000 | Prior Period Item | |
| **E = C-D** | *Gross Surplus/Deficit of Income over Expenditure after prior period items* | | **63,76,884.00** |

3. ബാലൻസ് ഷീറ്റ് – സംക്ഷിപ്തം

| 13/11/2018 | Kozhinjampara Grama Panchayat<br>BALANCE SHEET<br>As on 31-March-2018 | | |
|---|---|---|---|
| Code No. | Description of Items | Schedule No | Amount |
| LIABILITIES | | | |
| Reserve& Surplus | | | |

| | | | |
|---|---|---|---|
| 310000000 | Muncipal (General) Fund [Code No 310] | B-1 | 26364509.00 |
| 311000000 | Earmarked Funds | B-2 | 0.00 |
| 312000000 | Reserves | B-3 | 66076563.00 |
| Total Reserve& Surplus | 92441072.00 | | |
| Grants,Contributions for specific purposes | | | |
| 320000000 | Grants, Funds & Contributions for Specific Purposes | B-4 | 10731677.00 |
| Total Grants,Contributions for specific purposes | 10731677.00 | | |
| Loans | | | |
| 330000000 | Secured Loans | B-5 | 0.00 |
| Total Loans | 0.00 | | |
| Current Liabilities and Provisions | | | |
| 340000000 | Deposits Received | B-7 | 417588.00 |
| 350000000 | Other Liabilities | B-9 | 4880204.00 |
| Total Current Liabilities and Provisions | 5297792.00 | | |
| TOTAL LIABILITIES | 108470541.00 | | |
| ASSETS | | | |
| Fixed Assets | | | |
| 410000000 | Fixed Assets | B-11 | 78876767.00 |
| 411000000 | Accumulated Depreciation | B-11 | (2486626.00) |
| 412000000 | Capital Work In Progress | B-11(a) | 783291.00 |
| Total Fixed Assets | 77173432.00 | | |
| Investments | | | |
| 420000000 | Investments | B-12 | 0.00 |
| Total Investments | 0.00 | | |
| Current Assets,Loans and Advances | | | |
| 430000000 | Stock-in-hand | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 20897336.00 |
| 440000000 | Pre-paid Expenses | B-16 | 0.00 |
| 450000000 | Cash and Bank balance | B-17 | 10270225.00 |
| 460000000 | Loans, Advances and Deposits | B-18 | 129548.00 |
| Total Current Assets,Loans and Advances | 31297109.00 | | |
| TOTAL ASSETS | 108470541.00 | | |

ഡെപ്യൂട്ടി ഡയറക്ടർ.